بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ    نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ    وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡدِ

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം 1

# ബദർ

വീക്കിലി ഖാദിയാൻ

The weekly
BADAR Qadian
Malayalam

ലക്കം 15

വാർഷിക വരിസംഖ്യ 300 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2016 ജൂൺ 16/ഹി:ശം:1395 ഇഹ്സാൻ 16/ഹി:ഖ: 1437 റമളാൻ 10

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. 2016 മെയ് 13 ന് സ്വീഡനിലെ മസ്ജിദ് മഹ്മൂദിൽ (Malm) ജുമുഅ ഖുത്വ്ബ നിർവഹിച്ചു. അതിന്റെ പൂർണരൂപം ഈ ലക്കം 3-ാം പേജിൽ വായിക്കുക.

സ്നേഹിതന്മാർ ഹുദൂർ അൻവറിന്റെ ആരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയംവരിക്കുന്നതിനും പ്രത്യേകമായ കാവലുണ്ടാകുന്നതിനും ദുആ ചെയ്തുകൊണ്ടേ ഇരിക്കുക. അല്ലാഹു എപ്പോഴും ഹുദൂർ അൻവറിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. സഹായവും തുണയും നല്കുമാറാകട്ടെ. ആമീൻ. അല്ലാഹുമ്മ അയ്യിദ് ഇമാമനാ ബി റൂഹിൽ ഖുദുസ് വ ബാരിക്കലനാ ഫീ ഉംരിഹീ വ അംരിഹീ.

**നബി(സ) തിരുമേനിയെ വിശ്വസിക്കുന്ന കാരണത്താൽ അല്ലാഹുതആല എത്രമാത്രം സന്തോഷിക്കുന്നുവെന്ന് നോക്കുക. അവരുടെ പാപം പൊറുത്തുകൊടുക്കുന്നു. അവരുടെ ആത്മശുദ്ധീകരണത്തിന്റെ ഉത്തരവാദിത്വം അവൻതന്നെ ഏറ്റെടുക്കുന്നു. അപ്പോൾ തനിക്ക് നബി(സ) തിരുമേനിയിൽ വിശ്വസിക്കേണ്ട ആവശ്യമില്ലെന്ന് പറയുകയും അഹങ്കാരവും പൊങ്ങച്ചവും കൊണ്ട് താനെന്തൊക്കെയോ ആണെന്ന് സ്വയം കരുതുകയും ചെയ്യുന്നവൻ എത്ര വലിയ ദുഷ്ടനാണ്.**

# സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

(۹) قولہ تعالیٰ اِنَّ الَّذِیۡنَ یَکۡفُرُوۡنَ بِاللّٰہِ وَرُسُلِہٖ وَیُرِیۡدُوۡنَ اَنۡ یُّفَرِّقُوۡا بَیۡنَ اللّٰہِ وَرُسُلِہٖ وَیَقُوۡلُوۡنَ نُؤۡمِنُ بِبَعۡضٍ وَّنَکۡفُرُ بِبَعۡضٍ ۙ وَّیُرِیۡدُوۡنَ اَنۡ یَّتَّخِذُوۡا بَیۡنَ ذٰلِکَ سَبِیۡلًا ○ اُولٰٓئِکَ ہُمُ الۡکٰفِرُوۡنَ حَقًّا ۚ وَاَعۡتَدۡنَا لِلۡکٰفِرِیۡنَ عَذَابًا مُّہِیۡنًا ○ وَالَّذِیۡنَ اٰمَنُوۡا بِاللّٰہِ وَرُسُلِہٖ وَلَمۡ یُفَرِّقُوۡا بَیۡنَ اَحَدٍ مِّنۡہُمۡ اُولٰٓئِکَ سَوۡفَ یُؤۡتِیۡہِمۡ اُجُوۡرَہُمۡ (الجزو نمبر ۶ سورۃ نساء)

അല്ലാഹുവിനേയും റസൂലിനേയും നിഷേധിക്കുകയും അല്ലാഹുവിന്റേയും അവന്റെ റസൂൽമാരുടേയുമിടയിൽ വിവേചനമുണ്ടാക്കാൻ ഉദ്ദേശിക്കുകയും തങ്ങൾ ചിലരിൽ വിശ്വസിക്കും ചിലരിൽ വിശ്വസിക്കുകയില്ല എന്നു പറയുകയും, അതായത് ദൈവത്തെ മാത്രം വിശ്വസിക്കുക അല്ലെങ്കിൽ ചില റസൂൽമാരിൽ മാത്രം വിശ്വസിക്കുക അല്ലാതെ അല്ലാഹുവിനോടൊപ്പം റസൂലിനെ വിശ്വസിക്കുകയോ എല്ലാ നബിമാരിലും വിശ്വസിക്കുകയോ ചെയ്യേണ്ട ആവശ്യമില്ലെന്ന് കരുതുകയും അല്ലാഹുവിന്റെ സന്മാർഗത്തെ ഉപേക്ഷിച്ചുകൊണ്ട് അതിന് മധ്യേ മറ്റൊരു മാർഗം സ്വീകരിക്കാൻ ആഗ്രഹിക്കുകയും ചെയ്യുന്നുവരാരോ അവർ തന്നെയാണ് യഥാർഥസത്യനിഷേധികൾ. സത്യനിഷേധികൾക്ക് നാം അപമാനകരമായ ശിക്ഷ ഒരുക്കിവച്ചിട്ടുണ്ട്. എന്നാൽ, അല്ലാഹുവിലും അവന്റെ റസൂൽമാരിലും വിശ്വസിക്കുകയും അല്ലാഹുവിലും അവന്റെ റസൂൽമാരിലും വ്യത്യാസം കല്പിക്കാതിരിക്കുകയും ചെയ്യുന്നവരാരോ, അതായത് ദൈവത്തിൽമാത്രം വിശ്വസിച്ചാൽമതി അവന്റെ റസൂൽമാരിൽ വിശ്വസിക്കേണ്ട ആവശ്യമില്ല എന്ന നിലപാട് കൈക്കൊള്ളാത്തവരും അല്ലാഹുവിനെ വിശ്വസിക്കുകയുംറസൂൽമാരെനിഷേധിക്കുകയുംചെയ്യുക എന്ന നയം സ്വീകരിക്കാത്തവരുംറസൂൽമാരിൽ ചിലരെ കൊള്ളുകയും ചിലരെ തള്ളുകയും ചെയ്യുന്ന രീതി ഇഷ്ടപ്പെടാത്തവരുമായിട്ടുള്ളവരാരോ അവർക്ക് അല്ലാഹു പ്രതിഫലം നൽകുന്നതാണ് (4: 151–153).

എന്റെ വിശദീകരണംവെച്ച് പരിശോധിക്കുമ്പോൾ, എന്നിൽനിന്ന് പിന്തിരിഞ്ഞ് മുർത്തദ്ദായിപ്പോയ മിയാൻ അബ്ദുൽ ഹക്കീം ഖാൻ ഇപ്പോൾ എവിടെയാണുള്ളത്? തന്റെ അസ്തിത്വത്തിൽ വിശ്വസിക്കുക എന്നതിനെ റസൂൽമാരിൽ വിശ്വസിക്കുക എന്നതുമായി എങ്ങനെയാണ് അല്ലാഹു ബന്ധിപ്പിച്ചിരിക്കുന്നതെന്ന് കണ്ണുതുറന്ന് നോക്കേണ്ട സന്ദർഭമാണിത്. ഇതിലുള്ള രഹസ്യം ഇതാണ്; അതായത് തീക്കല്ലിൽ അഗ്നി അന്തർഭവിച്ചിരിക്കുന്നതുപോലെയാണ് മനുഷ്യനിൽ തൗഹീദ് അഥവാ ഏക ദൈവ വിശ്വാസം സ്വീകരിക്കാനുള്ള കഴിവ് വയ്ക്കപ്പെട്ടിരിക്കുന്നത്. റസൂലിന്റെ സാന്നിധ്യം തീക്കല്ലുപോലെയാണ്. അത് ആ കല്ലിൽ കാരുണ്യത്തിന്റെ പ്രഹരമേല്പിച്ച് ആ അഗ്നിയെ പുറത്തുകൊണ്ടുവരുന്നു. അപ്പോൾ റസൂലിനെ കൂടാതെ തീക്കല്ലിലെ തൗഹീദിന്റെ അഗ്നി ഏതെങ്കിലും ഹൃദയത്തിൽ ജന്മംകൊള്ളുകയെന്നത് ഒരിക്കലും സാധ്യമല്ല. തൗഹീദിനെ ഭൂമിയിൽകൊണ്ടുവരുന്നത് റസൂൽ മാത്രമാണ്. അദ്ദേഹം മുഖേന മാത്രമേ അത് കരഗതമാവുകയുള്ളൂ. അല്ലാഹു മറഞ്ഞിരിക്കുന്നവനാണ്. റസൂൽ മുഖേനയാണ് തന്റെ മുഖം അവൻ പ്രകടമാക്കുന്നത്.

(۱۰) قولہ تعالیٰ یٰۤاَیُّہَا النَّاسُ قَدۡ جَآءَکُمُ الرَّسُوۡلُ بِالۡحَقِّ مِنۡ رَّبِّکُمۡ فَاٰمِنُوۡا خَیۡرًا لَّکُمۡ ؕ وَاِنۡ تَکۡفُرُوۡا فَاِنَّ لِلّٰہِ مَا فِی السَّمٰوٰتِ وَالۡاَرۡضِ ؕ وَکَانَ اللّٰہُ عَلِیۡمًا حَکِیۡمًا (الجزو نمبر ۶ سورۃ نساء)

അല്ലയോ ജനങ്ങളേ! ഈ ദൈവദൂതൻ നിങ്ങളുടെ നാഥനിൽനിന്നുള്ള സത്യവുമായി നിങ്ങളുടെയടുക്കൽ വന്നിരിക്കുന്നു. അതുകൊണ്ട് നിങ്ങൾ ആ റസൂലിൽ വിശ്വസിക്കുക. നിങ്ങളുടെ ക്ഷേമം അതിലാകുന്നു. നിങ്ങൾ നിഷേധിക്കുകയാണെങ്കിൽ അല്ലാഹു നിങ്ങളെ എന്ത് വിലവെക്കാനാണ്. ഭൂമിയും ആകാശവും എല്ലാം അവന്റേതാകുന്നു. എല്ലാം അവനെ അനുസരിച്ചുകൊണ്ടിരിക്കുന്നു. അല്ലാഹു സർവജ്ഞനും യുക്തിജ്ഞനമാകുന്നു (4: 171).1

(۱۱) قولہ تعالیٰ کُلَّمَاۤ اُلۡقِیَ فِیۡہَا فَوۡجٌ سَاَلَہُمۡ خَزَنَتُہَاۤ اَلَمۡ یَاۡتِکُمۡ نَذِیۡرٌ ○ قَالُوۡا بَلٰی قَدۡ جَآءَنَا نَذِیۡرٌ ۬ۙ فَکَذَّبۡنَا وَقُلۡنَا مَا نَزَّلَ اللّٰہُ مِنۡ شَیۡءٍ ۚۖ (الجزو نمبر ۲۹ سورۃ الملک)

നിഷേധികളുടെ ഓരോ സംഘവും നരകത്തിൽ വീഴുമ്പോഴും അതിന് കാവൽനിൽക്കുന്ന മലക്കുകൾ നരകവാസികളോട് ചോദിക്കും. നിങ്ങളുടെയടുക്കൽ ദൈവികമുന്നറിയിപ്പുകാർ ആരും വന്നിരുന്നില്ലേ? അവർ പറയും: 'അതെ. തീർച്ചയായും ഞങ്ങൾക്ക് ഒരു മുന്നറിയിപ്പുകാരൻ വന്നിരുന്നുവെന്നതു ശരിയാണ്. എന്നാൽ ഞങ്ങൾ അദ്ദേഹത്തെ നിഷേധിച്ചു. ഞങ്ങൾ പറഞ്ഞു അല്ലാഹു ഒന്നുംതന്നെ ഇറക്കിയിട്ടില്ല' (67:10)

നോക്കുക, നരകവാസികൾ നരകത്തിൽ പതിക്കാനുള്ള കാരണം കാലത്തിന്റെ നബിമാരെ സ്വീകരിക്കാത്തതാണെന്ന് ഈ ആയത്തിൽനിന്ന് വ്യക്തമാണ്.

(۱۲) قولہ تعالیٰ اِنَّمَا الۡمُؤۡمِنُوۡنَ الَّذِیۡنَ اٰمَنُوۡا بِاللّٰہِ وَرَسُوۡلِہٖ ثُمَّ لَمۡ یَرۡتَابُوۡا (الجزو نمبر ۲۶ سورۃ حجرات)

അല്ലാഹുവിലും അവന്റെ റസൂലിലും വിശ്വസിക്കുകയും പിന്നീട് തന്റെ വിശ്വാസത്തിൽ അടിയുറച്ചു നിൽക്കുകയും സംശയത്തിലും സന്ദേഹത്തിലും അകപ്പെടാതിരിക്കുകയും ചെയ്യുന്നവരാണ് സത്യവിശ്വാസികൾ (49:16).

നോക്കൂ! അല്ലാഹുവിൽമാത്രം വിശ്വസിക്കാതെ അല്ലാഹുവിലും റസൂലിലും വിശ്വസിക്കുന്നവരാണ് അല്ലാഹുവിന്റെ പക്കൽ സത്യവിശ്വാസികളെന്ന് അല്ലാഹു ഈ ആയത്തിലൂടെ ക്ലിപ്തപ്പെടുത്തി. അപ്പോൾ റസൂലിനെ വിശ്വസിക്കാതെ മോക്ഷം കിട്ടുന്നതെങ്ങനെ? റസൂലിൽ വിശ്വസിക്കാതെ കേവലം തൗഹീദിലുള്ള വിശ്വാസം എന്തു പ്രയോജനം ചെയ്യാനാണ്.

(۱۳) قولہ تعالیٰ وَمَا مَنَعَہُمۡ اَنۡ تُقۡبَلَ مِنۡہُمۡ نَفَقٰتُہُمۡ اِلَّاۤ اَنَّہُمۡ کَفَرُوۡا بِاللّٰہِ وَبِرَسُوۡلِہٖ (الجزو نمبر ۱۰ سورۃ توبہ)

അല്ലാഹുവിനേയും അവന്റെ റസൂലിനേയും നിഷേധിക്കുന്ന കാരണത്താൽ തന്നെയാണ് അവിശ്വാസികളിൽനിന്ന് സംഭാവനകൾ സ്വീകരിക്കാത്തത് (9:54).

നോക്കൂ! റസൂലിൽ വിശ്വസിക്കാത്തവരുടെ കർമങ്ങൾ നഷ്ടമായിപ്പോകുമെന്ന് ഈ വചനത്തിൽ സുവ്യക്തമാണ്. അല്ലാഹു അത് സ്വീകരിക്കുകയില്ല. കർമങ്ങൾ നിഷ്ഫലമായാൽ പിന്നെ മോക്ഷം കിട്ടുന്നതെങ്ങനെ?2

(۱۴) قولہ تعالیٰ وَالَّذِیۡنَ اٰمَنُوۡا وَعَمِلُوا الصّٰلِحٰتِ وَاٰمَنُوۡا بِمَا نُزِّلَ عَلٰی مُحَمَّدٍ وَّہُوَ الۡحَقُّ مِنۡ رَّبِّہِمۡ ۙ کَفَّرَ عَنۡہُمۡ سَیِّاٰتِہِمۡ وَاَصۡلَحَ بَالَہُمۡ (الجزو نمبر ۲۶ سورۃ محمد)

വിശ്വസിക്കുകയും സൽക്കർമങ്ങളനുഷ്ഠിക്കുകയും ഹദ്റത്ത് മുഹമ്മദ് സ്വല്ലല്ലാഹു അലയ്ഹിവസല്ലമിൽ ഇറങ്ങിയ ഗ്രന്ഥത്തിൽ വിശ്വസിക്കുകയും– അതു തന്നെയാണ് സത്യം– ചെയ്യുന്നവരുടെ പാപങ്ങൾ അല്ലാഹു അവർക്ക് പൊറുത്തു കൊടുക്കുകയും അവരുടെ ഹൃദയങ്ങൾ നന്നാക്കി തീർക്കുകയും ചെയ്യുന്നതാണ് (47:3).

محال ست سعدی کہ راہِ صفا    توان رفت جز درپئے مصطفٰے
برد مہر آن شاہ سوئے بہشت    حرام است بر غیر بُوئے بہشت

(حقیقۃ الوحی، روحانی خزائن، جلد22 صفحہ130 تا133)

(ശേഷം പേജ് 8ൽ)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

# സയ്യിദുനാ അമീറുൽ മുഅ്മിനീന്റെ ഡെന്മാർക്കു പര്യടനം-2016 മെയ്

**05-05-2016(വ്യാഴം)**

അമീറുൽമുഅ്മിനീൻ രാവിലെ 4.15ന് മസ്ജിദ് നുസ്റത്ത് ജഹാനിൽ വന്ന് സുബ്ഹി നമസ്കരിപ്പിച്ചു. നമസ്കാരത്തിനുശേഷം തന്റെ താമസസ്ഥലത്തേക്ക് മടങ്ങിപ്പോയി.

രാവിലെ അമീറുൽമുഅ്മിനീൻ തന്റെ ഓഫീസുപരമായ കര്യങ്ങളിൽ മുഴുകി. രണ്ടുമണിക്ക് മസ്ജിദ് നുസ്റത്ത് ജഹാനിലെത്തി ളുഹർ അസ്ര് നമസ്കാരങ്ങൾ ജംആക്കി നമസ്കരിപ്പിച്ചു. നമസ്കാരത്തിനുശേഷം അമീറുൽമുഅ്മിനീൻ തന്റെ താമസസ്ഥലത്തേക്ക് മടങ്ങി.

ഇതിനിടയിൽ അമീറുൽമുഅ്മിനീൻ ഡെന്മാർക്ക് അമീർ സാഹിബിനോടു, ലജ്ന ഹാളിലേക്ക് പോകുന്ന രണ്ടു വഴികളിലും -ഒരു വഴിയിൽ ഗോവണിയാണുള്ളത് മറ്റേ വഴിയിൽ Ramp ആണുള്ളത്- താഴേക്കിറങ്ങാൻ സൗകര്യത്തിനായി ഇരുസൈഡുകളിലും റീംലിംഗ് പിടിപ്പിക്കണമെന്ന് നിർദേശിച്ചു.

അതിനുശേഷം പരിപാടിയനുസരിച്ച് 7 മണി ക്ക് അമീറുൽമുഅ്മിനീൻ തന്റെ ഓഫീസിൽ വന്നു. അവിടെ മസ്ജിദ് നിലകൊള്ളുന്ന പ്രദേശത്തെ HVIDOVRE മുനിസിപ്പാലിറ്റിയിലെ മേയർ WON HELLE ADELBORG സാഹിബയും തന്റെ നാ ലു കൗൺസിലർമാരും ANNETTE SJOBECK സാഹിബയും MARIA DURHUUS സാഹിബയും KENNETH F.CHRISTENSEN സാഹിബയും കാശിഫ് അഹ്മദ് സാഹിബിനോടൊപ്പം അമീറുൽമുഅ്മിനീനുമായി കൂടിക്കാഴ്ച നടത്താൻ ഭാഗ്യം കരസ്ഥമാക്കി. അവസാനം പറഞ്ഞ കാശിഫ് അഹ്മദ് അഹ്മദി യുവാവാണ്. മേയർ സാഹിബ തന്നെ പരിചയപ്പെടുത്തിക്കൊണ്ടു താൻ ഇവിടത്തെ മേയറാണെന്നും ബാക്കിയുള്ളവർ തന്നോടൊപ്പം ഇവിടത്തെ കൗൺസിലർമാരാണെന്നും പറഞ്ഞു. ഡെന്മാർക്കിൽ ഇന്ന് ദേശീയതലത്തിൽ അവധിദിവസമാണ്. അമീറുൽമുഅ്മിനീൻ മേയർ സാഹിബയോട് 'ഇന്ന് എന്തുകൊണ്ടാണ് അവധി 'എന്നന്വേഷിച്ചു. അപ്പോൾ ഇന്ന് ഈസാ(അ) ആകാശത്തേക്ക് പോയ ദിവസമാണെന്ന് പറയപ്പെട്ടു. അപ്പോൾ അമീറുൽമുഅ്മിനീൻ പറഞ്ഞു: മറ്റൊരു രാജ്യവും ഈ തിയതി അവധിയായി ആഘോഷിക്കാറില്ല. അയൽരാജ്യമായ സ്യൂഡനിലും ഇന്ന് അവധി ദിവസമല്ല.

അമീറുൽമുഅ്മിനീൻ പറഞ്ഞു: ഈയിടെയായി അഭയാർഥി സംഘർഷം കാരണത്താൽ ബോർഡർ ഫ്രീയല്ല. ഒരുപാട് ചെക്കിംഗ് നടന്നുവരുന്നു. അപ്പോൾ മേയർ സാഹിബ പറഞ്ഞു, 'ശക്തമായ ചെക്കിംഗ് നടക്കുന്നതിൽ നമുക്കും വിഷമമുണ്ട്.'

അമീറുൽമുഅ്മിനീൻ പറഞ്ഞു: നമ്മളെല്ലാവരും ഐക്യപ്പെടേണ്ടതാണ്. സമാധാനം നമ്മുടെ ഫോക്കസ് ആക്കേണ്ടതാണ്. സമാധാനം സ്ഥാപിക്കുന്നതിലൂടെ മാത്രമേ ഈ എല്ലാ പ്രയാസങ്ങളും ദൂരീകരിക്കപ്പെടുകയുള്ളൂ. മേയർ പറഞ്ഞു, ഇവിടെ അഹ്മദിയ്യാ കമ്മ്യൂണിറ്റി വളരെ സമാധാനത്തിലാണ്. വളരെ സ്നേഹിക്കുന്ന ആളുകളാണ്.

അപ്പോൾ അമീറുൽമുഅ്മിനീൻ പറഞ്ഞു: അതിനു കാരണം അവർ ഇക്കാലത്തുവന്ന മസീഹിനെ വിശ്വസിച്ചതാണ്. താൻ ഈസായുടെ കാലടികളിൽ വന്നിരിക്കുന്നുവെന്ന് അദ്ദേഹം വിളംബരം ചെയ്തു; ഏതുപോലെ ആദ്യത്തെ മസീഹ് പ്രവർത്തിക്കുകയും അധ്യാപനങ്ങൾ നല്കുകയും ചെയ്തുവോ അതുപോലെ താനും ചെയ്യുന്നതാണ്. തന്നെ വിശ്വസിക്കുന്നവരും അങ്ങനെതന്നെ ചെയ്യുന്നതാണ്. അഹ്മദികൾ ഇക്കാലത്തുവന്ന മസീഹ് (അ)നെ വിശ്വസിച്ചിരിക്കുന്നു. അതുകൊണ്ട് അവർ സമാധാനം ഇഷ്ടപ്പെടേണ്ടവരായിരിക്കേണ്ടത് നിർബന്ധമാണ്. എല്ലാവരോടും സന്തോഷത്തോടും സ്നേഹത്തോടുംകൂടി പെരുമാറേണ്ടവരാണ്. മറ്റുള്ളവരുടെ കാര്യങ്ങൾ ശ്രദ്ധിക്കുന്നവരുമാകേണ്ടതാണ്.

അമീറുൽമുഅ്മിനീൻ ഈ പുതിയ നിർമാണ പ്രവർത്തനങ്ങൾ കണ്ടോ എന്ന് മേയർ ചോദിച്ചു. അപ്പോൾ അമീറുൽമുഅ്മിനീൻ പറഞ്ഞു: ഇന്നലെയാണ് വന്നത്. കുറച്ചുകഴിഞ്ഞപ്പോൾ ഞാൻ പുതിയതായി നിർമിച്ചിട്ടുള്ളതെല്ലാം നോക്കിക്കണ്ടു. ഈ നിർമാണപ്രവർത്തനങ്ങൾക്ക് അനുവാദം നല്കിയതിന് നിങ്ങൾക്കെല്ലാവർക്കും നന്ദി. ഇപ്പോൾ നമ്മൾ ഇരിക്കുന്ന ഈ സ്ഥലവും പുതിയതാണ്. വളരെ നല്ല സ്ഥലമാണ്. ഇത്തരം സ്ഥലം മുമ്പേയുണ്ടായിരുന്നില്ല.

മേയർസാഹിബ പറഞ്ഞു: 'ഈ മസ്ജിദ് വളരെ മനോഹരമാണ്. ഞാൻ വിചാരിക്കുന്നത് സ്കാൻഡിനേവിയായിലെ ആദ്യ മസ്ജിദാണെന്നാണ്.' അപ്പോൾ അമീറുൽമുഅ്മിനീൻ പറഞ്ഞു: 'അതിന്റെ നിർമാണ വൈഭവത്തിന്റെ അടിസ്ഥാനത്തിൽ നിങ്ങളുടെ പ്രദേശത്ത് ഇത് മനോഹരമായ കെട്ടിടമാണ്. ഈ ബിൽഡിംഗ് പട്ടികയിൽ(LISTED) പ്പെടേണ്ടതാണ്.' അമീറുൽമുഅ്മിനീൻ പറഞ്ഞു: 'ഇപ്പോൾ താഴെ ഒരു വലിയ ഹാളും നിർമിക്കപ്പെട്ടിട്ടുണ്ട്. ഇപ്പോൾ നിങ്ങളുടെ പരിപാടികളും ഇവിടെ നടത്താവുന്നതാണ്.'

എവിടെയാണ് താമസിക്കുന്നതെന്നും രാജ്യങ്ങളിൽ പര്യടനങ്ങൾ തുടങ്ങിയവ നടത്താറുണ്ടോ എന്ന ചോദ്യത്തിനും അമീറുൽമുഅ്മിനീൻ പറഞ്ഞു: 'ഞാൻ ഈയിടെയായി ലണ്ടനിലാണ് താമസിക്കുന്നത്. ലോകത്തിലെ ആവശ്യമുള്ള രാജ്യങ്ങളിൽ പര്യടത്തിനായി പോകുന്നു. ലോകം മുഴുവൻ ഞങ്ങളുടെ മിഷനുണ്ട്. ചിലത് തികച്ചും പുതിയതാണ്. ചിലത് വളരെ പഴയതുമാണ്. പുതിയ മസ്ജിദുകളും സെന്ററുകളും നിർമിക്കുമ്പോഴും അല്ലെങ്കിൽ എന്തെങ്കിലും പ്രത്യേകപരിപാടികളുണ്ടാകുമ്പോഴും EVENTS ഉണ്ടാകുമ്പോഴും ഞാൻ പോകാറുണ്ട്. കഴിഞ്ഞ വർഷം നവംബറിൽ ജപ്പാനിൽ പോയിരുന്നു. അവിടെ ഞങ്ങളുടെ ആദ്യ മസ്ജിദിന്റെ ഉൽഘാടനം നടന്നിരുന്നു. അത്തരം പ്രത്യേക ഘട്ടങ്ങളിൽ ഞാൻ യാത്രചെയ്യുന്നു.'

(തുടരും)

## ജമാഅത്തിന്റെ ശ്രദ്ധയ്ക്ക്

ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് എഴുതിയ കത്തിൽ(QND3276/27032014)ബദ്ർ പത്രം മലയാളത്തിൽ ഇറക്കുന്നതിനെ കുറിച്ച് പറയുകയുണ്ടായി. ഹുദൂറിന്റെ പ്രസ്തുത നിർദേശമനുസരിച്ച് 2014 ജൂൺ മാസം മുതൽ ബദ്ർ മലയാളത്തിൽ പ്രസിദ്ധീകരിച്ചു വരുന്നുണ്ട്. ഇപ്പോൾ രജിസ്ട്രേഷൻ കിട്ടിക്കഴിഞ്ഞിട്ടുള്ളതിനാൽ ഓരോ ആഴ്ചയും ബദ്ർ വീക്കിലി മലയാളം മുടങ്ങാതെ വരിക്കാർക്ക് കിട്ടാൻ തുടങ്ങിയിരിക്കുന്നു. ഈ വർഷം ബദ്ർ മലയാളം ആഴ്ചപ്പതിപ്പിന്റെ വരിസംഖ്യ 300 രൂപയായി നിശ്ചയിച്ചിരിക്കുന്നു.

നമുക്ക് ഒരു ഖിലാഫത്ത് ഉണ്ടെന്നതാണ് മറ്റുള്ളവരിൽനിന്ന് നമ്മെ വേർപ്പെടുത്തുന്നത്. ഖലീഫത്തുൽമസീഹ് എന്ത് പറഞ്ഞാലും എത്രയും പെട്ടന്ന് ലബ്ബൈക് പറയുക എന്നതാണ് നമുക്കുള്ള പാഠം.

ഹുദൂറിന്റെ ആഴ്ചതോറുമുള്ള ഖുത്ബകൾ നമ്മുടെ ആത്മീയ ജീവിതത്തിന് അത്യന്താപേക്ഷിതമാണ്. അതിലാണ് അല്ലാഹുവിന്റെ തൃപ്തിയുള്ളത്. ഈ ഖുത്ബ, ബദ്ർ മലയാളത്തിൽ മാത്രമാണ് പ്രസിദ്ധീകരിക്കുന്നതെന്ന കാര്യം പ്രത്യേകം ഓർമപ്പെടുത്തുന്നു. വേറെയൊരു പ്രസിദ്ധീകരണത്തിലും ഖുത്ബ ജുമുഅ പ്രസിദ്ധീകരിക്കുന്നില്ല. ഇക്കാര്യം പ്രത്യേകം മനസ്സിലാക്കുക. നമ്മുടെ പ്രസിദ്ധീകരണങ്ങൾ നമ്മുടെ പരലോക സംരക്ഷണത്തിനുവേണ്ടിയുള്ളതാണെന്ന കാര്യം നാം മറക്കരുത്.

പാക്കിസ്താനിലെ പഞ്ചാബ് സംസ്ഥാനത്ത് നമ്മുടെ സാഹിത്യങ്ങളുടേയും പ്രസിദ്ധീകരണങ്ങളുടേയുംമേൽ നിയന്ത്രണം ഏർപ്പെടുത്തിയപ്പോൾ, ഹദ്റത്ത് അമീറുൽ മുഅ്മിനീൻ പറഞ്ഞത് അഹ്മദികൾ അധികമധികമായി ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങൾ പാരായണം ചെയ്ത് മറ്റുള്ളവർക്ക് അത് എത്തിക്കുക എന്നാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വിരലിലെണ്ണാവുന്ന ഏതാനും ചെറുഗ്രന്ഥങ്ങളുടെ വിവർത്തനം മാത്രമാണ് നമ്മുടെ കൈയിലുള്ളത്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വിവിധ ഗ്രന്ഥങ്ങളിലുള്ള ഉദ്ധരണികളാണ് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഖുത്ബയിൽ പറയുന്നത്. സ്ഥിരമായി വായിക്കുകയാണെങ്കിൽ അതിൽനിന്ന് ഒരുപാട് ആത്മീയവിഷയങ്ങൾ നമുക്ക് ലഭിക്കുന്നതാണ്.

അതുകൊണ്ട് ബദ്ർ മലയാളം എത്താത്ത ഒരു വീടും ഉണ്ടാകാൻ പാടില്ല എന്ന നിശ്ചയത്തോടുകൂടി നമ്മൾ ഇതിനുവേണ്ടി പ്രവർത്തിക്കേണ്ടതാണ്. അല്ലാഹു അമീറുൽ മുഅ്മിനീന്റെ മഹത്തായ ഈ നിർദേശം നടപ്പിൽ വരുത്താൻ നമുക്ക് തൗഫീഖ് നല്കുമാറാകട്ടെ.ആമീൻ.

(സെക്രട്ടറി ബദ്ർ മലയാളം)

1. ബദ്ർ ആഴ്ചപ്പതിപ്പിന്റെ വരിസംഖ്യ പിരിക്കുന്നതിനും മേൽനോട്ടത്തിനുമായി താങ്കളുടെ ജമാഅത്തിലെ ഇശാഅത്ത് സെക്രട്ടറിയേയോ താങ്കൾ ഉദ്ദേശിക്കുന്ന മറ്റൊരാളെയോ നിയമിച്ച് അദ്ദേഹത്തിന്റെ മേൽവിലാസവും ഫോൺനമ്പറും അയച്ചുതരണമെന്ന് അപേക്ഷിക്കുന്നു.

2. ബദ്റിന്റെ സുതാര്യമായ നടത്തിപ്പിനുവേണ്ടി മൗലവി ജംഷാദ് സാഹിബിനെ കേന്ദ്രം ഇൻസ്പെക്ടറായി നിയമിച്ചിട്ടുണ്ട്. ബദ്റിന്റെ വരി സംഖ്യ 300/-രൂപയാണ് കേന്ദ്രം നിശ്ചയിച്ചിട്ടുള്ളത്. വരിക്കാരുടെ മേൽവിലാസം അറിയിക്കാൻ താൽപര്യപ്പെടുന്നു.

ബന്ധപ്പെടുക:
ഇൻസ്പെക്ടർ:
Moulvi Jamshad,
Ahmadiyya Muslim Mission Mathottam,
PO Arts College, Calicut PIN 673 018.
Ph: 9446 161 358, 9497 344 958
Email: tjamshadmukkam@gmail.com

### ഹദീഥുന്നബവ്വി(സ)

നബി(സ)തിരുമേനി പറഞ്ഞു: ''ഉച്ചരിക്കാൻ എളുപ്പമുള്ളതും ത്രാസിൽ ഘനം കൂടിയതും റഹ്മാനായ അല്ലാഹുവിന് ഇഷ്ടപ്പെട്ടതുമായ രണ്ടുവചനങ്ങളാണ് സുബ്ഹാനല്ലാഹി വബിഹംദിഹീ സുബ്ഹാനല്ലാഹിൽ അളീം'' (ബുഖാരി, മുസ്ലിം)

**ത്വാലിബെ ദുആ: കെ.മുഹമ്മദ് സ്വാലിഹ്, കണ്ണൂർസിറ്റി.**

### ഹദീഥുന്നബവ്വി(സ)

ഹദ്റത്ത് അനസ് ബിൻ മാലിക്(റ)നിവേദനം. നബി(സ)തിരുമേനി ഇങ്ങനെ പറയുന്നത് ഞാൻ കേട്ടു:"നിങ്ങളുടെ മക്കളേയും ആദരിക്കുക. അവരുടെ ശിക്ഷണത്തിന് ഉത്തമമായ അച്ചിലിട്ട് വാർത്തെടുക്കാൻ ശ്രമിക്കുക." (ഇബ്നുമാജ)

**ത്വാലിബെ ദുആ: കെ.ടി.മഹ്മൂദ്, കൊടിയത്തൂർ.**

# ഖുത്ബ ജുമുഅ

അൽഹംദുലില്ലാഹ്, ഇന്ന് അല്ലാഹു അഹ്മദിയ്യാ ജമാഅത്ത് സ്വീഡനു തങ്ങളുടെ രണ്ടാമത്തെ മസ്ജിദ് നിർമിക്കാനുള്ള തൗഫീഖ് നല്കിയിരിക്കുകയാണ്. ഇതിന് പേരിട്ടിട്ടുള്ളത് മസ്ജിദ് മഹ്മൂദ് എന്നാണ്. മാശാഅല്ലാഹ് സകല സ്ത്രീകളും പുരുഷന്മാരും ഈ മസ്ജിദിന്റെ നിർമാണത്തിൽ വളരെയധികം ആത്മാർഥത കാഴ്ച്ചവെച്ചിരിക്കുന്നു. ഒരുഭാഗത്ത് വരുമാനമുള്ളവർ മുൻകടന്ന് ത്യാഗം ചെയ്തപ്പോഴും ഈ മസ്ജിദിന്റെ നിർമാണത്തിന് തങ്ങളുടെ കഴിവിന്റെ പരമാവധി ധനത്യാഗം സമർപിച്ചപ്പോഴും മറുഭാഗത്ത് സ്ത്രീകളും കുട്ടികളും പിന്നിലായിരുന്നില്ല. അല്ലാഹുവിന്റെ ഭവനനിർമാണത്തിനായി ദീനിന് ദുൻയാവിനേക്കാൾ മുൻഗണന നല്കുന്നതിന്റെ മാതൃക അവരും സ്ഥാപിച്ചിരിക്കുന്നു.

അഹ്മദിയ്യാ ജമാഅത്തിൽ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ധനത്യാഗം ചെയ്യുന്നതിന് വെമ്പൽ കൊള്ളുന്ന അനേകം വ്യക്തികളുണ്ട്. ജമാഅത്തിനും അല്ലാഹുവിനുംവേണ്ടി ചെലവഴിക്കണമെന്നുള്ള ആ ഇസ്‌ലാമിക ആത്മാവാണ് ഇക്കാലഘട്ടത്തിൽ നബി(സ)തിരുമേനിയുടെ സത്യസന്ധനായ ദാസൻ നമ്മളിൽ ഊതിയിരിക്കുന്നത്. ഹദ്റത്ത് മസീഹ് മൗഊദ് (അ)ജമാഅത്തംഗങ്ങളുടെ ധനത്യാഗങ്ങളിൽ വിസ്മയം പ്രകടിപ്പിച്ചിരുന്നതുപോലെ ഇന്നും ഈ ത്യാഗങ്ങൾ, ഞാൻ പറഞ്ഞതുപോലെ അത്ഭുതപ്പെടുത്തുകയാണ്.

ഈ മസ്ജിദിന്റെ നിർമാണം, മുകളിൽ രണ്ടു മുറിയുള്ള താമസ സ്ഥലത്തിന്റെ നിർമാണം, ഓഫീസുകൾ, ലൈബ്രറി എന്നിവക്ക് ഏകദേശം 371/2(മുപ്പത്തിയേഴര) മില്യൻ ക്രോണ ചെലവായതായിട്ടാണ് എനിക്കു കണക്ക് ലഭിച്ചിട്ടുള്ളത്. അല്ലാഹു ധനത്യാഗം ചെയ്തവർക്കും ഈ മസ്ജിദിന്റേയും ഈ കോംപ്ലക്സിന്റേയും നിർമാണത്തിൽ ഏതെങ്കിലും വിധത്തിൽ പങ്കാളികളായവർക്കും ഉന്നതമായ പ്രതിഫലം നല്കുമാറാകട്ടെ. വളരെ മനോഹരമായ ഒരു മസ്ജിദാണ് നിർമിച്ചിരിക്കുന്നത്. പ്രദേശവാസികളും ഇതിന്റെ ഭംഗിയെ പ്രശംസിക്കുന്നുണ്ട്. മസ്ജിദ് മഹ്മൂദിന്റെ നിർമാണ പ്രവർത്തനവുമായി ബന്ധപ്പെട്ട് അഹ്മദികളുടെ ധനത്യാഗത്തിന്റെ ആത്മീയോജ്ജ്വലമായ സംഭവങ്ങളുടെ ചർച്ച. ഇതിനെ ഇബാദത്ത് ചെയ്യുന്നവരെക്കൊണ്ട് കൂടുതൽ ജനനിബിഡമാക്കുകയും സ്വയം ഇവിടെ വന്ന് തങ്ങളുടെ നമസ്കാരത്താൽ ഇതിനെ നിറയ്ക്കുകയും തബ്‌ലീഗ് ചെയ്തുകൊണ്ട് ഈ പ്രദേശത്തെ ആളുകളേയും ഇസ്‌ലാമികാധ്യാപനങ്ങൾ പരിചയപ്പെടുത്തുകയും ചെയ്യുമ്പോഴാണ് മസ്ജിദ് നിർമാണത്തിന്റെ കടമയും പൂർത്തിയാക്കപ്പെടുക.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നിർദേശങ്ങളെ ഉദ്ധരിച്ച് നമ്മുടെ ജമാഅത്തിനുവേണ്ടി മസ്ജിദുകളുടെ ആവശ്യകത, അതിന്റെ പ്രാധാന്യവും ഉദ്ദേശ്യവും ലക്ഷ്യവും, അത് തേടുന്ന കാര്യങ്ങളുടെ ചർച്ചയും ജമാഅത്തംഗങ്ങൾക്കുള്ള സുപ്രധാന ഉപദേശങ്ങളും. നമ്മൾ ഒരു മനോഹരമായ മസ്ജിദ് നിർമിച്ചു കഴിഞ്ഞാൽ നമ്മുടെ കടമ തീർന്നുവെന്നോ എല്ലാ ജോലിയും അവസാനിച്ചുവെന്നോ വിചാരിക്കരുത്. ഈ മസ്ജിദിന്റെ നിർമാണത്തിനുശേഷം നമ്മുടെ യഥാർഥ ജോലികൾക്ക് വാസ്തവത്തിൽ സമാരംഭം കുറിച്ചിരിക്കുകയാണ്.

ഈ മസ്ജിദിന്റെ നിർമാണത്തിനുള്ള നന്ദിപ്രകടനം നമ്മൾ മുമ്പത്തേക്കാളധികം പരസ്പര സ്നേഹപ്രകടനങ്ങളിലൂടെയും കാഴ്ചവെക്കേണ്ടതാണ്. ഇവിടെ താമസിക്കുന്ന നിങ്ങളെല്ലാവരും അത് ചെയ്യേണ്ടതാണ്. ലോകത്തിന്റെ ഏത് കോണിൽ താമസിക്കുന്ന അഹ്മദികളും മസ്ജിദുകളിൽ പോകുമ്പോൾ മസ്ജിദുകളോടുള്ള ഈ കടമയും നിറവേറ്റുക. ഈ മസ്ജിദിന്റെ നിർമാണത്തിനുശേഷം നിങ്ങൾ ഇസ്‌ലാമികാധ്യാപനങ്ങൾ അനുസരിച്ച് നിങ്ങളുടെ മാതൃക മുമ്പത്തേക്കാളധികം ജനങ്ങൾക്ക് കാണിച്ചുകൊടുക്കേണ്ടതാണ്. അതിനെക്കുറിച്ച് അവർക്ക് അറിവ് നല്കണം; മസ്ജിദുകൾ ആളുകളെ മുസ്‌ലിം ആക്കിത്തീർക്കാനുള്ള മാർഗമായിത്തീരുമെന്ന് ഹദ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞതുപോലെ. നമ്മുടെ കർമങ്ങൾ ഇസ്‌ലാമികാധ്യാപനങ്ങൾ അനുസരിച്ചല്ലെങ്കിൽ, നമ്മൾ ഇസ്‌ലാമിന്റെ സന്ദേശം എത്തിക്കുന്നില്ലെങ്കിൽ ജനങ്ങൾ മസ്ജിദു കണ്ടുകൊണ്ട് ഈ 'ഭാഗത്തേക്ക് തീർചയായും ശ്രദ്ധിക്കുമെങ്കിലും, ഞാൻ പറഞ്ഞതുപോലെ ഇത് ഹൈവേയിൽ നില്ക്കുന്നതുകൊണ്ട് വെട്ടിത്തിളങ്ങുന്ന മസ്ജിദിന്റെ ഗോപുരം ദൂരെ നിന്നുതന്നെ ജനങ്ങളുടെ ശ്രദ്ധ ആകർഷിക്കുമെങ്കിലും അതു കേവലം ബാഹ്യമായ 'ഭംഗിയിൽമാത്രം ഒതുങ്ങിപ്പോകും. ഇതിൽ ആരാധന നിർവഹിക്കുന്നവർ ഈ മസ്ജിദിൽ ആരാധന നടത്തുമ്പോൾ പ്രകടമാകുന്ന ആത്മീയ സൗന്ദര്യമാണ് മസ്ജിദിന്റെ യഥാർഥ 'ഭംഗിയായി നമുക്ക് ദൃശ്യമാവുക. നൈമിഷികമായ ആവേശത്താലുള്ള ത്യാഗങ്ങളും തീർചയായും വിലമതിക്കേണ്ടത് തന്നെയാണ്. ചിലരുടേത് നൈമിഷികമായ ആവേശമായിരുന്നു. ചിലരുടേത് അനേകം വർഷം നില നില്ക്കുന്ന ത്യാഗമാണ്. പ്രത്യേകിച്ച് കുട്ടികളുടേയും, യുവാക്കളുടേയും ഭാഗത്ത് നിന്നുണ്ടായ ത്യാഗം. എന്നാൽ, തുടർചയായുള്ള ത്യാഗത്തിന്റെ കാലഘട്ടം ഇപ്പോഴാണ് ആരംഭിച്ചിരിക്കുന്നത്. ഈ മസ്ജിദിന്റെ ബാഹ്യമായ സൗന്ദര്യം ആത്മീയ സൗന്ദര്യത്തിലേക്ക് മാറ്റുക. ഇത് ഇവിടെ താമസിക്കുന്നവർ ചെയ്യേണ്ട വളരെ വലിയ ഒരു പണിയാണ്. മസ്ജിദിന്റെ ഈ ബാഹ്യമായ സന്ദര്യം ആന്തരികവും ആത്മീയവുമായ സൗന്ദര്യത്തിൽ പരിവർത്തനം ചെയ്യിക്കുക. ആത്മീയ സൗന്ദര്യം ഒരു തുടർച ആവശ്യപ്പെടുന്നു. തുടർചയായ പരിശ്രമം ആവശ്യപ്പെടുന്നു. ഓരോ അഹ്മദിയും ആത്മീയ സൗന്ദര്യത്തിന്റെ ഈ തുടർചയെ നിലനിറുത്തുമെന്ന് പ്രതിജ്ഞ ചെയ്യുക. ഈ മസ്ജിദിന്റെ മനോഹാരിതയും നമസ്കാരക്കാരുടെ എണ്ണവുമായിട്ടാണ് ബന്ധപ്പെട്ടിരിക്കുന്നത്; ആത്മാർഥതയോടുകൂടി അല്ലാഹുവിനെ ആരാധിക്കാനാഗ്രഹിക്കുകയോ അല്ലെങ്കിൽ ആരാധിക്കുകയോ ചെയ്യുന്നവരുടെ എണ്ണവുമായിട്ട്.

ഇസ്‌ലാമിന്റെ അടിസ്ഥാന കല്പനകളിൽപെട്ടതായിട്ടും സക്കാത്ത് നല്കുന്ന കാര്യത്തിൽ ജമാഅത്ത് ശ്രദ്ധിക്കാറില്ലെന്നും അതിനെ ഉപേക്ഷിച്ചുകൊണ്ട് ചന്ദയുടെ കാര്യത്തിലാണ് കൂടുതൽ ശക്തി ചെലുത്തുന്നതെന്നും ചിലർ പറയുന്നു. എന്നാൽ, ഈ ചിന്താഗതി തെറ്റാണ്. സക്കാത്ത് നിർബന്ധമാക്കപ്പെട്ടവരുടെ ശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കാറുണ്ട്. കൂടെക്കൂടെ ശ്രദ്ധക്ഷണിക്കാറുണ്ട്. നമുക്ക് എങ്ങനെയാണ് ഇക്കാര്യത്തിൽ ശ്രദ്ധ പതിപ്പിക്കാതിരിക്കാൻ കഴിയുക? സക്കാത്തിന് ഖിലാഫത്ത് വ്യവസ്ഥിതിയുമായും ഒരർഥത്തിൽ വളരെ ഗഹനമായ ഒരു ബന്ധമുണ്ട്. ഖിലാഫത്ത് വ്യവസ്ഥിതിയെ കുറിച്ചുള്ള ആയത്തിൽ അതിനെപ്പറ്റി മാർഗദർശനവും പ്രവചനവും നല്കിയതോടൊപ്പം അതിന്റെ തൊട്ടടുത്ത ആയത്തിൽ നമസ്കാരം നിലനിറുത്തുന്നതിലേക്കും സക്കാത്ത് നല്കുന്നതിലേക്കുമാണ് അല്ലാഹു ശ്രദ്ധ ക്ഷണിച്ചിരിക്കുന്നത്. ഇനി മറ്റു ചന്ദകളെ കുറിച്ചും പദ്ധതികളെക്കുറിച്ചും പറയുകയാണെങ്കിൽ, ഞാൻ പറഞ്ഞതുപോലെ, സക്കാത്ത് എല്ലാവർക്കും നിർബന്ധമല്ല. അതിന് ഒരു തോതുണ്ട്, ചില നിബന്ധനകളുണ്ട്. അതുകൊണ്ടുമാത്രം മുഴുവൻ ചെലവുകളും പൂർത്തിയാവുകയുമില്ല. എത്രവിശാലമായ തോതിലാണോ ലോകത്ത് ജമാഅത്തിന്റെ പ്രവർത്തനങ്ങൾ നടക്കുന്നത് അതിനായി മറ്റു ചന്ദകളിലേക്ക് ശ്രദ്ധക്ഷണിക്കേണ്ടത് അനിവാര്യമാണ്. വസിയ്യത്ത് സ്ഥിരമായ നിലയിൽ തങ്ങളിൽ നിർബന്ധമാക്കി, മാസന്തോറും ജമാഅത്തി ചന്ദകൾ നല്കുക എന്ന വ്യവസ്ഥിതി ഹദ്റത്ത് മസീഹ് മൗഊദ്(അ)സ്ഥാപിച്ചതാണ്. ദീനിന് പ്രബലത ഈ കാലഘട്ടത്തിൽ ഹദ്റത്ത് മസീഹ് മൗഊദ് (അ)മുഖേനയായിരുന്നു ലഭിക്കേണ്ടിയിരുന്നത്. അങ്ങനെയാണ് ലഭിച്ചിട്ടുള്ളതും. കാരണം, ആ മഹാത്മാവ് നബി(സ)തിരുമേനിയുടെ സത്യസന്ധനായ ദാസന്റെ രൂപത്തിലാണ് ലോകത്ത് വന്നത്. അല്ലാഹു അദ്ദേഹത്തെ അയച്ചതുതന്നെ ഇസ്‌ലാമികാധ്യാപനങ്ങളുടെ യഥാർഥ മാതൃക സ്ഥാപിക്കുന്നതിനുവേണ്ടിയാണ്. ഈ കാലഘട്ടത്തിൽ ഖിലാഫത്ത് വ്യവസ്ഥിതി തുടരേണ്ടിയിരുന്നതും അദ്ദേഹത്തിലൂടെയാണ്. അത് തുടരുകയും ചെയ്തു. ഇന്ന് മുഴുലോകത്തും അഹ്മദിയ്യാ ജമാഅത്തിൽ മാത്രമാണ് ശരിയായ ഇസ്‌ലാമികാധ്യാപനങ്ങൾ പ്രചരിപ്പിക്കുന്ന ഖിലാഫത്ത് വ്യവസ്ഥിതി നിലവിലുള്ളത്. അത് ഇബാദത്തിന്റെ സംസ്ഥാപനത്തിന് മസ്ജിദുകൾ നിർമിച്ചുകൊണ്ട് അല്ലാഹുവിന്റെ സന്ദേശത്തെ ലോകത്ത് പ്രചരിപ്പിച്ചു വരുന്നു. അല്ലാതെ കുഴപ്പവും പ്രശ്നങ്ങളും ഉണ്ടാകുന്ന സ്ഥലങ്ങളല്ല മസ്ജിദുകൾ. മസ്ജിദുകൾ പ്രബലതക്ക് കാരണമാകുന്ന കാര്യങ്ങളാണ്.

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്

2016 മെയ് 13/1395 ഹിജ്റത്ത് 13
മസ്ജിദ് മഹ്മൂദ് മാൽമോ(Malm) സ്വീഡൻ

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَ رَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ - اَلرَّحْمٰنِ الرَّحِيْمِ - مٰلِكِ يَوْمِ الدِّيْنِ - اِيَّاكَ نَعْبُدُ وَ اِيَّاكَ نَسْتَعِيْنُ -
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ - صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَ لَا الضَّآلِّيْنَ -

അൽഹംദുലില്ലാഹ്, ഇന്ന് അല്ലാഹു അഹ്മദിയ്യാ ജമാഅത്ത് സ്വീഡന് തങ്ങളുടെ രണ്ടാമത്തെ മസ്ജിദ് നിർമിക്കാനുള്ള തൗഫീഖ് നല്കിയിരിക്കുകയാണ്. ഇതിന് പേരിട്ടിട്ടുള്ളത് മസ്ജിദ് മഹ്മൂദ് എന്നാണ്. മാശാഅല്ലാഹ് സകല സ്ത്രീകളും പുരുഷന്മാരും ഈ മസ്ജിദിന്റെ നിർമാണത്തിൽ വളരെയധികം ആത്മാർഥത കാഴ്ച്ചവെച്ചിരിക്കുന്നു. വലിയ ഒരു പദ്ധതിയായിരുന്നു ഇത്. ഇവിടെത്തെ ജമാഅത്ത് വളരെ ചെറുതാണ്. ഈ ഒരർഥത്തിൽ ഇവരെ സംബന്ധിച്ചിടത്തോളം ഇത് ശരിക്കും ഒരു വലിയ പദ്ധതി തന്നെയായിരുന്നു. ഇവിടെ തൊഴിൽ രഹിതരായ പലരും, വൃദ്ധരും കുട്ടികളും വീട്ടമ്മമാരുമുണ്ട്. എന്നാൽ, ഒരുഭാഗത്ത് വരുമാനമുള്ളവർ മുൻകടന്ന് ത്യാഗം ചെയ്തപ്പോഴും ഈ മസ്ജിദിന്റെ നിർമാണത്തിന് തങ്ങളുടെ കഴിവിന്റെ പരമാവധി ധനത്യാഗം സമർപിച്ചപ്പോഴും മറുഭാഗത്ത് സ്ത്രീകളും കുട്ടികളും പിന്നിലായിരുന്നില്ല. അല്ലാഹുവിന്റെ ഭവനനിർമാണത്തിനായി ദീനിന് ദുൻയാവിനേക്കാൾ മുൻഗണന നല്കുന്നതിന്റെ മാതൃക അവർ സ്ഥാപിച്ചിരിക്കുന്നു. ആഗ്രഹങ്ങൾ ഇല്ലാത്ത ആരാണുള്ളത്? ആവശ്യങ്ങൾ ഇല്ലാത്ത ആരാണുള്ളത്? ഈ കാലഘട്ടത്തിൽ എണ്ണിയാൽ ഒടുങ്ങാത്ത ഭൗതിക വസ്തുക്കൾ ശ്രദ്ധയെ ആകർഷിക്കുമ്പോൾ അഹ്മദികളുടെ ധനത്യാഗം കണ്ടു കൊണ്ട് മനുഷ്യൻ അത്ഭുതപ്പെട്ടുപോകുന്നു. കേവലം ഒരു മസ്ജിദിന്റെ നിർമാണത്തിന്റെ കാര്യമല്ല ഇത്. മസ്ജിദ് നിർമാണം, നമസ്കാര സെന്ററുകളുടെ നിർമാണവും വാങ്ങലും, മിഷൻ ഹൗസുകളുടെ നിർമാണവും വാങ്ങാനുള്ള പദ്ധതികളും നിരന്തരം നടന്നു കൊണ്ടിരിക്കുകയാണ്. ഇത് കൂടാതെയും ഒരുപാട് മറ്റു ചെലവുകളുമുണ്ട്. ലോകത്ത് എല്ലായിടത്തും ഈ പ്രവർത്തനങ്ങൾ നടന്നു കൊണ്ടിരിക്കുകയാണ്. അതോടൊപ്പംതന്നെ മറ്റു ചന്ദകളും കൊടുത്തു കൊണ്ടിരിക്കുന്നു. താരതമ്യേന നല്ല നിലയിൽ ജീവിക്കുന്ന അഹ്മദികൾ തങ്ങളുടെ ആവശ്യങ്ങളും നിർമാണ പ്രവർത്തനങ്ങളും പൂർത്തിയാക്കുന്നതോടൊപ്പം ദരിദ്രരാജ്യങ്ങളിൽ താമസിക്കുന്ന അഹ്മദികളുടെ ആവശ്യങ്ങൾ പൂർത്തിയാക്കുന്നതിനും ത്യാഗങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നു. അതല്ലെങ്കിൽ, ദരിദ്രരാജ്യങ്ങളിൽ താമസിക്കുന്ന അഹ്മദികളുടെ സാമൂഹികാവസ്ഥകൾ കാരണം ത്യാഗങ്ങൾ ചെയ്തിട്ടും ഉണ്ടാകുന്ന കുറവുകളും നല്ല അവസ്ഥയിൽ കഴിയുന്ന അഹ്മദികൾ പൂർത്തിയാക്കുകയും അത്തരം രാജ്യങ്ങളിലെ ജമാഅത്തുകളുടെ ആവശ്യം പൂർത്തിയാക്കുന്നതിൽ സഹായിക്കുകയും ചെയ്യുന്നു. ഏതായിരുന്നാലും അഹ്മദിയ്യാ ജമാഅത്തിൽ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ധനത്യാഗം ചെയ്യുന്നതിന് വെമ്പൽ കൊള്ളുന്ന അനേകം വ്യക്തികളുണ്ട്. ജമാഅത്തിനും അല്ലാഹുവിനുംവേണ്ടി ചെലവഴിക്കണമെന്നുള്ള ആ ഇസ്‌ലാമിക ആത്മാവാണ് ഇക്കാലഘട്ടത്തിൽ നബി(സ)തിരുമേനിയുടെ സത്യസന്ധനായ ദാസൻ നമ്മളിൽ ഊതിയിരിക്കുന്നത്. ഹദ്റത്ത് മസീഹ് മൗഊദ്(അ) ജമാഅത്തംഗങ്ങളുടെ ധനത്യാഗങ്ങളിൽ വിസ്മയം പ്രകടിപ്പിച്ചിരുന്നതുപോലെ ഇന്നും ഈ ത്യാഗങ്ങൾ, ഞാൻ പറഞ്ഞതു പോലെ അത്ഭുതപ്പെടുത്തുകയാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇതെല്ലാം അല്ലാഹു അദ്ദേഹത്തിന്റെ ആവശ്യങ്ങൾ പൂർത്തിയാക്കിക്കൊണ്ടിരിക്കുമെന്ന് ഹദ്റത്ത് മസീഹ് മൗഊദ് (അ)നോടു ചെയ്ത വാഗ്ദാനങ്ങളുടെ പ്രകടനമാണ്.

ഈ മസ്ജിദിന്റെ നിർമാണം, മുകളിൽ രണ്ടു മുറിയുള്ള താമസ സ്ഥലത്തിന്റെ നിർമാണം, ഓഫീസുകൾ, ലൈബ്രറി എന്നിവക്ക് ഏകദേശം 371/2(മുപ്പത്തിയേഴര) മില്യൻ ക്രോണ ചെലവായതായിട്ടാണ് എനിക്കു കണക്ക് ലഭിച്ചിട്ടുള്ളത്; 3.2 മില്യൻ പൗണ്ട്. മൂന്നേകാൽമില്യൻ പൗണ്ട് ചെലവാക്കി ഹാളും മുറബ്ബി ഹൗസും കിച്ചണും മറ്റും നിർമിച്ചിട്ടുണ്ട്. ഹാളിന്റെ ഫിനിഷിങ്ങ് ഇപ്പോൾ നടന്ന് കൊണ്ടിരിക്കുകയാണ്. സംഘാടകർ വിചാരിക്കുന്നത് ഇനിയും അല്പം കൂടി ചെലവാകുമെന്നാണ്. എകദേശം പത്ത് മില്യൻ ക്രോണ ഇനിയുംവേണ്ടിവരും.

അഹ്മദിയ്യാ ജമാഅത്തിന്റെ ഭൂരിഭാഗം പദ്ധതികളിലും നടക്കാറുള്ളതുപോലെ ഒരുപാട് ജോലികൾ നാം വക്കാറെ അമലിലൂടെയും(ശ്രമദാനം) ചെയ്യുന്നു. ഇതുകാരണം ചെലവുകളിൽ അല്പം കുറവും ഉണ്ടാകുന്നു. സന്നദ്ധ സേവകരും, വളണ്ടിയർമാരും ജോലി ചെയ്യുന്നു. രാവും പകലും ഇവിടെ തന്നെ കഴിച്ചുകൂട്ടി എന്ന് ചിലർ എന്നോട് പറഞ്ഞു. അതല്ലെങ്കിൽ ജോലി പെട്ടെന്ന് തീരുന്നതിനും ഉദ്ഘാടനം നടക്കുന്നതിനുംവേണ്ടി കുറച്ച് നേരം വീട്ടിൽ പോയി തിരിച്ചുവരുമായിരുന്നു. എന്നിട്ടും ചില ഭാഗങ്ങൾ, ഞാൻ പറഞ്ഞതുപോലെ, പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല. ഈ കരാറുകാർ അല്ലെങ്കിൽ തൊഴിലാളികൾ ഒരിക്കൽ പണിക്കുവന്നാൽ പിന്നെ അവർക്ക് തോന്നുമ്പോൾ പുറത്ത് പോകുന്നു. ഇവിടെത്തെ സംഘാടകർ ഈ ഒരു മാർജിൻ വെച്ചതിന് ശേഷമായിരുന്നു എന്നെ ക്ഷണിക്കേണ്ടിയിരുന്നത്. ഏതായിരുന്നാലും അല്ലാഹു ധനത്യാഗം ചെയ്തവർക്കും ഈ മസ്ജിദിന്റേയും ഈ കോംപ്ലക്സിന്റേയും നിർമാണത്തിൽ ഏതെങ്കിലും വിധത്തിൽ പങ്കാളികളായവർക്കും ഉന്നതമായ പ്രതിഫലം നല്കുമാറാകട്ടെ. വളരെ മനോഹരമായ ഒരു മസ്ജിദാണ് നിർമിച്ചിരിക്കുന്നത്. പ്രദേശവാസികളും ഇതിന്റെ ഭംഗിയെ പ്രശംസിക്കുന്നുണ്ട്. രണ്ടു ദിവസം മുമ്പേ പത്രങ്ങളുടേയും റേഡിയോ നിലയങ്ങളുടേയും പ്രതിനിധികൾ ഇവിടെ വന്നിരുന്നു. വളരെ മനോഹരമായ മസ്ജിദാണ് നിർമിച്ചിരിക്കുന്നതെന്നാണ് അവരും എന്നോട് പറഞ്ഞത്. ഈ പ്രദേശത്തെ സൗന്ദര്യത്തെ ഇത് വർധിപ്പിച്ചിരിക്കുന്നു.

ത്യാഗത്തിന്റെ ആത്മാവിന്റെ പ്രകടനം എപ്രകാരമാണ് കുട്ടികളും മുതിർന്നവരും കാഴ്ചവെച്ചതെന്നതിന് ഏതാനും ചില ഉദാഹരണങ്ങൾ കേൾപിക്കാം.

ഒരു 11 വയസ്സുള്ള പെൺകുട്ടി മസ്ജിദിന്റെ ചന്ദയിലേക്കായി, നൂറിൽ കൂടുതൽ ക്രോണ നല്കി കൊണ്ട്, കുറെ കാലമായി താൻ സ്വരൂപിച്ച പോക്കറ്റ് മണി മസ്ജിദിന്റെ നിർമാണത്തിന് നല്കാൻ വന്നതാണെന്ന് പറഞ്ഞു.

പത്തോ പന്ത്രണ്ടോ വയസ്സുള്ള ഒരു പെൺകുട്ടി, അമീർ സാഹിബിന്റെ അടുത്തോ, ചന്ദ വാങ്ങുന്ന സംഘാടകരുടെ അടുത്തോ മറ്റോ വന്ന് 500 ക്രോണ മസ്ജിദ് നിർമാണത്തിന് നല്കിക്കൊണ്ട് അവളുടെ പക്കൽ ഉണ്ടായിരുന്ന രണ്ട് തത്തകളെ വിറ്റിട്ട് അവൾ ആ തുക മസ്ജിദിനുവേണ്ടി ചന്ദ നല്കാൻ വന്നിരിക്കുകയാണെന്ന് പറഞ്ഞു. പെറ്റ് അതല്ലെങ്കിൽ ഓമനമൃഗങ്ങളെ വളർത്താൻ വളരെ താൽപര്യം ഉള്ളവരാണ് ഈ രാജ്യക്കാർ. എന്നാൽ, അഹ്മദി പെൺകുട്ടി, ഇവിടെത്തെ കുട്ടികളെ പോലെ തന്റെ വളർത്തു മൃഗത്തിനല്ല മുൻഗണന നല്കിയത്. മറിച്ച്, അല്ലാഹുവിന്റെ ഭവനനിർമാണത്തിന് തന്റെ താൽപര്യത്തേക്കാൾ പ്രാധാന്യം നല്കുകയാണ് ചെയ്തത്. യഥാർഥ നിലയിലുള്ള താൽപര്യവും മുൻഗണനയും അല്ലാഹുവിന്റെ പ്രീതിയാണ് എന്ന് അഹ്മദി കുട്ടികൾക്ക് മാത്രമേ മനസ്സിലാക്കാൻ സാധിക്കുകയുള്ളൂ. അവർക്ക് ചെറുപ്പത്തിൽത്തന്നെ, 'മസ്ജിദ് നിർമാണത്തിൽ ഭാഗഭാക്കാകുന്നവർ സ്വർഗത്തിൽ തങ്ങളുടെ വീട് നിർമിക്കുകയാണ് ചെയ്യുന്നത്'എന്ന നബി(സ)തിരുമേനിയുടെ വാക്കുകളുടെ ഗ്രാഹ്യം ഉണ്ടാകുന്നു. അതുപോലെ നബി(സ)തിരുമേനി ഇതുംകൂടി പറഞ്ഞു: 'പട്ടണങ്ങളിലെ ഏറ്റവും ഉത്തമമായ സ്ഥലം മസ്ജിദുകളാണ്.' ഇങ്ങനേയും പറഞ്ഞു: ഗോത്രങ്ങളിൽ മസ്ജിദുകൾ നിർമിക്കുക, മഹല്ലുകളിൽ, നഗരങ്ങളിൽ മസ്ജിദുകൾ നിർമിക്കുക. ഇതിന്റെ ഫലമായാണ് നാം എല്ലാ സ്ഥലങ്ങളിലും മസ്ജിദുകൾ നിർമിക്കാൻ ശ്രമിച്ചു കൊണ്ടിരിക്കുന്നത്.

എന്നോട് പല ജേർണലിസ്റ്റുകളും ചോദിക്കാറുണ്ട്, മസ്ജിദ് ഇവിടെ എന്തിനാണ് നിർമിച്ചത്? ഇതിന് എന്ത് പ്രത്യേകതയാണുള്ളത്? എന്നൊക്കെ ഇവിടേയും എന്നോട് ചോദിക്കുകയുണ്ടായി. സമ്പത്തിന് ഒരു പ്രത്യേകതയുമില്ല. മറ്റു സ്ഥലങ്ങൾക്കും പ്രത്യേകതയൊന്നുമില്ല. നമ്മുടെ ജോലി മസ്ജിദുകൾ നിർമിക്കുകയെന്നതാണ്. കുറച്ച് അഹ്മദികൾ ഉള്ളിടങ്ങളിൽ ഒരുമിച്ച് കൂടുന്നതിനും തങ്ങളുടെ ഇബാദത്തിന്റെ കടമ നിറവേറ്റുന്നതിനും വേണ്ടിയാണത്.

ഒരു പെൺകുട്ടി ഇഅ്തികാഫ് ഇരിക്കുകയായിരുന്നു. അവൾ ഇവിടെയുള്ള സംഘാടകരുമായി ബന്ധപ്പെട്ട് തന്റെ ആഭരണങ്ങൾ മസ്ജിദിനുവേണ്ടി സമർപിച്ചു. ബാഹ്യമായി നോക്കുമ്പോൾ അത്ര വലിയ വിലപിടിപ്പുള്ള ആഭരണമൊന്നുമായിരുന്നില്ല അത്. എന്നാൽ, ആ ആഭരണം ആയിരുന്നു അവളുടെ മുഴുവൻ സമ്പാദ്യവും. അവളുടെ മാതാപിതാക്കൾ അവൾക്ക് നല്കിയ സമ്മാനം ആയിരുന്നു അത്. ആ പെൺകുട്ടി ജമാഅത്തിലെ വ്യക്തിക്ക് ആ ആഭരണം നല്കുമ്പോൾ ആഭരണം നല്കിയ കാര്യം തന്റെ മാതാപിതാക്കളോട് പറയരുതെന്ന് നിർബന്ധിച്ചു പറഞ്ഞിരുന്നു.

മറ്റൊരു വഖ്ഫെ നൗ പെൺകുട്ടി തന്റെ മുഴുവൻ ആഭരണങ്ങളും പോക്കറ്റുമണി രൂപത്തിൽ അവൾക്ക് ലഭിച്ചിരുന്ന മുഴുവൻ തുകയും ഒരു കവറിലിട്ട് കത്തെഴുതി തന്റെ പിതാവിന്റെ തലയണക്ക് താഴെ വെച്ചു. ഇതെല്ലാമാണ് തന്റെ കൈയിലുള്ളത്, ഇതല്ലാതെ ഈ മസ്ജിദിനുവേണ്ടി അല്ലാഹുവിന്റെ തിരുസന്നിധിയിൽ സമർപിക്കാൻ തന്റെ പക്കൽ മറ്റൊന്നുമില്ലെന്ന് ആ കുട്ടി കത്തിലെഴുതി.

പുതുതായി വിവാഹം കഴിഞ്ഞ യുവതികളായ പെൺകുട്ടികൾ അവരുടെ ആഭരണത്തോടുള്ള താൽപര്യം തീരുന്നതിനു മുമ്പേ തങ്ങളുടെ മുഴുവൻ ആഭരണവും മസ്ജിദുനിർമാണത്തിന് സമർപിച്ചു. ഒരുപാടു വനിതകൾ, തങ്ങളുടെ ഭർത്താക്കന്മാർ മുമ്പേ തന്നെ വലിയ വലിയ വാഗ്ദാനങ്ങൾ ചെയ്യുകയും അത് പൂർണമായും അടച്ചു തീർക്കുകയും ചെയ്തിരുന്നിട്ടും അവരുടെ ആഭരണങ്ങളും കൂട്ടിവച്ചിരുന്ന തുകയും മസ്ജിദുനിർമാണത്തിന് നല്കുകയുണ്ടായി.

രണ്ടു സ്ത്രീകൾ ഇവിടെ സാമ്പത്തിക ത്യാഗത്തിന് കഴിവില്ലാത്തവരായി ഉണ്ടായിരുന്നു എന്ന് എന്നോട് പറയുകയുണ്ടായി. അതല്ലെങ്കിൽ അവരുടെ കൈയിൽ ഒന്നും തന്നെ ഉണ്ടായിരുന്നില്ല. എന്നാൽ,അവർക്ക് പാകിസ്താനിൽ പിതാവിന്റെ അവകാശം എന്ന നിലയിൽ വീട് ലഭിച്ചിരുന്നു. അവർ ആ വീട് വിറ്റുകിട്ടിയ മുഴുവൻ തുകയും – അത് അവിടെ ലക്ഷക്കണക്കിന് രൂപ വിലപിടിപ്പുള്ളതാണ്– മസ്ജിദുനിർമാണത്തിന് നല്കുകയുണ്ടായി.

ഒരു ഖാദിം മസ്ജിദുനിർമാണത്തിന് ഒരു വലിയ സംഖ്യ വാഗ്ദാനം ചെയ്തിരുന്നു. അതിലൊരു ഭാഗം അദ്ദേഹത്തിന്റെ ഭാര്യയുടേതായിരുന്നു. നിർഭാഗ്യവശാൽ, ഈ ദമ്പതികളുടെ ബന്ധം വേർപെട്ടു. വാഗ്ദാനത്തെ സംബന്ധിച്ച് അദ്ദേഹത്തോട് ബന്ധപ്പെട്ടപ്പോൾ ആ സ്ത്രീയുമായി ബന്ധം വേർപെട്ടി

## ഹദീഥുന്നബ്‌വി(സ)

നബി(സ)തിരുമേനി പറഞ്ഞു: ''റുക്കൂഇൽ നിങ്ങൾ അല്ലാഹുവിനെ പ്രകീർത്തനം ചെയ്യുകയും സുജൂദിൽ നിങ്ങൾ കഴിയുന്നത്ര പ്രാർഥിക്കുകയും വേണം; നിങ്ങൾക്ക് ഉത്തരംകിട്ടാൻ അർഹതയുണ്ട്.''

(മുസ്‌ലിം)

**ത്വാലിബെ ദുആ: അബ്ദുർറഹീം ശംസുദ്ദീൻ പഴയങ്ങാടി.**

C.M HIDAYATHULLAH 9447029141, 9946631222

CITYLINK TRAVEL CORPORATION
Linking Destinations

Noor Complex, 3rd Floor, Mavoor Road, Calicut, Kerala
email: citylinkccj@gmail.com

Air Ticket, Visa Service, Attestation, Emigration, Train Ticket

രിക്കുന്നതുകൊണ്ട് അവൾ അവളുടെ ഭാഗം നല്കുമെന്ന് ആ ഖാദിമിന്റെ പിതാവ് പറഞ്ഞു. എന്നാൽ, അതുകേട്ട ആ യുവാവ് പറഞ്ഞു: അങ്ങനെയല്ല. കാരണം ഞാനാണ് അവളുടെ വാഗ്ദാനം എഴുതിച്ചത്. അതുകൊണ്ട് ബന്ധം വേർപെട്ടിട്ടുണ്ടെങ്കിലും ഞാൻതന്നെ ഈ വാഗ്ദാനം പൂർത്തിയാക്കുന്നതായിരിക്കും. അങ്ങനെ വാഗ്ദാനം പൂർണമായും നിറവേറ്റി. സ്ത്രീകളുടെ അനുവദനീയമായ അവകാശംപോലും നല്കാത്തവരെയാണ് ചില സ്ഥലങ്ങളിൽ നമുക്ക് കാണാൻ സാധിക്കുക. ഖളായുടെ തീരുമാനം അംഗീകരിക്കാത്തതു കാരണം ചിലപ്പോൾ അവർക്ക് എതിരിൽ നടപടി ഉണ്ടാകുന്നു. എന്നാൽ, അത് അവരുടെ നിർബന്ധകടമയും സ്ത്രീയുടെ അവകാശവും ആയിരിക്കും. പക്ഷേ, ചിലരുണ്ട്. അവർ വേർപിരിഞ്ഞിട്ടും വാഗ്ദാനം പൂർത്തിയാക്കുന്നു. യഥാർഥത്തിൽ വിശ്വാസികളെന്ന് പറയാൻ അർഹർ ഈ ആളുകളാണ്.

മാൽമോ ജമാഅത്തിലെ ഒരു ഖാദിം താൽക്കാലിക ജോലി ചെയ്യുകയായിരുന്നു, അതല്ലെങ്കിൽ പാർട്ട് ടൈം ജോലി ചെയ്തു വരികയായിരുന്നു. അദ്ദേഹത്തോട് മസ്ജിദിന്റെ വാഗ്ദാനം വർധിപ്പിക്കാൻ പറഞ്ഞപ്പോൾ പതിനായിരം ക്രോണ വർധിപ്പിച്ച് തന്റെ വാഗ്ദാനം അദ്ദേഹം ഒരു ലക്ഷം ക്രോണയാക്കി. അടുത്ത ആഴ്ച തന്നെ അൻപതിനായിരം ക്രോണ നല്കുന്നതിനായി മസ്ജിദിലേക്ക് കൊണ്ടുവന്നു. താങ്കൾക്ക് ഇത്രയധികം തുക എവിടെ നിന്നുകിട്ടി, താങ്കളുടെ അവസ്ഥ അത്തരത്തിലായിരുന്നില്ല, വാഗ്ദാനം പൂർത്തിയാക്കാൻ ഇനിയും സമയമുണ്ട്, രണ്ട് വർഷത്തിലായിട്ട് നല്കിയാൽ മതിയായിരുന്നു, പിന്നെങ്ങനെ പണം കിട്ടി എന്ന് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: 'എന്റെ വാഹനം വിറ്റു കിട്ടിയ പണവും വീട്ടിലുണ്ടായിരുന്ന പണവും കൂട്ടിയാണ് ചന്ദ നല്കാൻ ഞാൻ വന്നിരിക്കുന്നത്.' അല്ലാഹു ഈ ത്യാഗത്തിന്റെ ഫലമായി അദ്ദേഹത്തിന് പെർമെനന്റ് ജോലിയും നല്കി, മുമ്പത്തേക്കാൾ നല്ല പുതിയ വാഹനം വാങ്ങാനും അദ്ദേഹത്തിന് തൗഫീഖ് നല്കുകയുണ്ടായി.

ഈ ത്യാഗത്തിന്റെ ആത്മാവ് നമുക്ക് ഒരുപാട് അഹ്മദികളിൽ എല്ലാ സ്ഥലങ്ങളിലും കാണാൻ സാധിക്കും. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഈ പ്രത്യേകത ഇവിടെ മാത്രമല്ല മറിച്ച് വിവിധ രാജ്യങ്ങളിലും സ്ഥലങ്ങളിലും വ്യാപിച്ചുകിടക്കുന്ന ഒരുപാട് അഹ്മദികൾ അത്തരക്കാരായുണ്ട്. ഇവിടെയും അതുപോലെ മറ്റനേകം അഹ്മദികളുണ്ടായിരിക്കും. ഞാൻ ഏതാനും ഉദാഹരണങ്ങൾ മാത്രമാണ് നല്കിയത്.

ഈ മസ്ജിദിന്റെ സ്ഥലത്തെകുറിച്ചും, നിർമാണത്തെകുറിച്ചും ഇതിന്റെ വിസ്താരത്തെ കുറിച്ചും ചുരുങ്ങിയ നിലയിൽ പറയാം. ഈ മസ്ജിദ് നിർമാണത്തിന്റെ പദ്ധതി 1999ൽ ആരംഭിച്ചതാണ്; അതായത് കൗൺസിലിന് അപേക്ഷ സമർപിച്ചത്. ഇതിന് ബഹുമാനപെട്ട ഇഹ്സാനുല്ലാഹ് സാഹിബ് അൻപതിനായിരം സ്ക്വയർ മീറ്റർ സ്ഥലം വാങ്ങി ജമാഅത്തിന് നല്കി. ഈ സ്ഥലം ഒരു കുന്നിൻ പ്രദേശത്താണ്. ശ്രദ്ധിക്കപ്പെടുന്ന സ്ഥലത്താണുള്ളത്. ഇതിന് അടുത്തുകൂടിയാണ് മെയിൻ ഹൈവേ (Main Highway)കടന്ന് പോകുന്നത്. ഇത് നോർവെയേയും സ്വീഡനേയും മുഴുവൻ യൂറോപ്പുമായി ബന്ധിപ്പിക്കുന്നു. അതുപോലെ നോർവേയുടേയും സ്വീഡന്റേയും എല്ലാ വലിയ നഗരങ്ങളേയും ബന്ധിപ്പിക്കുന്നു. വളരെ തിരക്കുള്ള ഒരു ഹൈവേയാണ്. അകലെനിന്നുതന്നെ മസ്ജിദിന്റെ മനോഹാരിതയും ഉയർന്ന കെട്ടിടവും വന്നും പോയുമിരിക്കുന്നവർക്ക് കാണാൻ സാധിക്കും.ഇത് തൗഹീദിന്റെ സന്ദേശം നല്കുകയും ചെയ്യുന്നു.

ഇതിന്റെ നിർമാണത്തിനുശേഷം എല്ലാ അഹ്മദികളേയും ഇതിനോടുള്ള കടമ നിറവേറ്റുന്നവരായി അല്ലാഹു മാറ്റട്ടെ. തബ്ലീഗിലൂടേയും ഈ മസ്ജിദ് എന്നെന്നും തൗഹീദ് പ്രചരിപ്പിക്കാനുള്ള മാർഗമായി മാറട്ടെ. ഇതിന്റെ യഥാർഥ മനോഹാരിത ദീനി അധ്യാപനങ്ങളിലൂടെയുള്ള മനോഹാരിതയാണ്. ഏതൊരു ലക്ഷ്യത്തിനുവേണ്ടിയാണോ ഈ മസ്ജിദ് നിർമിച്ചിരിക്കുന്നത് അത് പ്രശോഭിതമായി വെട്ടിതിളങ്ങട്ടെ. ഈ കോംപ്ലക്സിന്റെ നിർമാണം നടന്നിരിക്കുന്ന സ്ഥലത്തിന്റെ വിസ്തീർണം 2353 സ്ക്വയർ മീറ്ററാണ്. അഞ്ച് കെട്ടിടങ്ങൾ അടങ്ങുന്ന സ്ഥലമാണിത്. വലിയ കെട്ടിടം മസ്ജിദ് മഹ്മൂദാണ്. അതായത്, മെയിൻ(Main) മസ്ജിദ്. ഇതിന്റെ ഏരിയ 1494 ചതുരശ്രമീറ്ററാണ്. അതായത് ഏതാണ്ട്1500 ചതുരശ്രമീറ്ററാണ്. സ്പോർട്സ് ഹാളുണ്ട്. അത് 750 സ്ക്വയർ മീറ്ററാണ്. ഇത് കൂടാതെ മറ്റ് കെട്ടിടങ്ങളും ഉണ്ട്. മസ്ജിദിന് രണ്ട് ഹാളുണ്ട്. ഒന്ന് മുകളിൽ, മറ്റൊന്ന് താഴെ. സ്ത്രീകൾക്കും പുരുഷന്മാർക്കു വെവ്വേറെയാണ്. മെയിൻ(Main) മസ്ജിദിൽ പ്രവേശിക്കാൻ അനുവദിക്കാതെ നിങ്ങൾ സ്ത്രീകളെ ഒഴിച്ചു നിറുത്തുന്നതെന്തിനാണെന്ന് ഇവിടെ ചിലർ ചോദിക്കാറുണ്ട്. ഇസ്ലാമിന്റെമേൽ ആരോപണം ഉന്നയിക്കാൻ വഴി അന്വേഷിച്ച് കൊണ്ടിരിക്കുന്ന അവരുടെ ഈ ആരോപണത്തിനും ഇവിടെ മതിയായ മറുപടിയുണ്ട്. മസ്ജിദിന്റെ ഒരു ബ്ലോക്കിൽ തന്നെയാണ് രണ്ട് ഹാളുകളുമുള്ളത്. ഒരേപോലുള്ള ഹാളുകളാണ്. ഈ ഹാളുകളിൽ ഓരോന്നിലും 500 പേർക്കു വീതം നമസ്കരിക്കാനുള്ള സൗകര്യമുണ്ട്. അതുപോലെ സ്പോർട്സ് ഹാളിൽ 700 പേർക്ക് നമസ്കരിക്കാൻ സാധിക്കും. ഇങ്ങനെ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ആയിരത്തി എഴുന്നൂറ്(1700) പേർക്ക് ഒരേസമയം നമസ്കരിക്കാൻ സാധിക്കുന്നതാണ്. ഇന്ന് പുറംനാട്ടിൽ നിന്ന് ഒരുപാട് പേർ വന്നിരിക്കുന്നതുകൊണ്ടണ്ടാണ് മസ്ജിദ് നിറഞ്ഞു കാണുന്നത്. എന്നാൽ, സാധാരണ നിലയിൽ സ്ഥലപരിമിതിയുടെ അടിസ്ഥാനത്തിൽ ഇത് വളരെ വിശാലമായ മസ്ജിദാണ്. രാജ്യത്തിലെ മുഴുവൻ ജമാഅത്തും ഒരുമിച്ച് കൂടുകയാണെങ്കിൽപോലും ഹാളുകളിൽ പകുതി സ്ഥലം ഒഴിഞ്ഞു കിടക്കുന്നുണ്ടാകും. മുകളിലും താഴെയും ഒഴിഞ്ഞു കിടക്കുന്നതാണ്. തങ്ങളുടെ അംഗസംഖ്യ വർധിപ്പിക്കുകയെന്നത് ഇവിടെയുള്ള അഹ്മദികളുടെ ഉത്തരവാദിത്വമാണ്. ഇന്ന് ഉൽഘാടനമാണ്. ഞാനും വന്നിരിക്കുന്നു. പുറത്തുനിന്നും ഒരുപാട് പേർ വന്നിട്ടുണ്ട്. അതുകൊണ്ടാണ് മസ്ജിദ് മുകളിലും താഴെയും നിറഞ്ഞിരിക്കുന്നതായി കാണുന്നത്. പുറത്തും ആളുകൾ ഇരിക്കുന്നുണ്ട്. എന്നാൽ, ഞാൻ പറഞ്ഞത് പോലെ സാധാരണ അവസ്ഥയിൽ ഈ മസ്ജിദ് എത്ര മാത്രം വലുതാണെന്നാൽ മുഴുവൻ രാജ്യത്തിലേയും ജമാഅത്ത് ഒരുമിച്ചാലും പകുതി മസ്ജിദ് കാലിയായികിടക്കും. ഇവിടെയുള്ളവർ തങ്ങളുടെ അംഗസംഖ്യ വർധിപ്പിക്കേണ്ടതാണ്. ഇവിടെയുള്ളവരിൽ ഇസ്ലാമിനെ കുറിച്ചുള്ള തെറ്റുധാരണകൾ ദുരീകരിക്കുക. അവ ദുരീകരിച്ച് അവരെ തൗഹീദിലേക്ക് കൊണ്ടുവരുക. അവരോടുള്ള സഹാനുഭൂതി ആവശ്യപ്പെടുന്നത് ഇതാണ്. ഇത് അവരുടെ അവകാശമാണ്. ഇവിടെയുള്ള ഭരണകൂടവും ആളുകളും നമുക്ക് സ്ഥലം നല്കിക്കൊണ്ട് നമ്മളോട് കാണിച്ചിരിക്കുന്ന ഔദാര്യം, അതല്ലെങ്കിൽ നിങ്ങൾക്ക് സ്ഥലം നല്കിക്കൊണ്ട് നിങ്ങളോട് കാണിച്ചിരിക്കുന്ന ഔദാര്യം അതിനുള്ള ഏറ്റവും ഉത്തമമായ ഉപകാരം അവരെ അല്ലാഹുവുമായി അടുപ്പിക്കുക എന്നതാണ്. ഇതിനെ ഇബാദത്ത് ചെയ്യുന്നവരെക്കൊണ്ട് കൂടുതൽ ജനനിബിഢമാക്കുകയും സ്വയം ഇവിടെ വന്ന് തങ്ങളുടെ നമസ്കാരത്താൽ ഇതിനെ നിറക്കുകയും തബ്ലീഗ് ചെയ്തുകൊണ്ട് ഈ പ്രദേശത്തെ ആളുകളേയും ഇസ്ലാമികാധ്യാപനങ്ങൾ പരിചയപ്പെടുത്തുകയും ചെയ്യുമ്പോഴാണ് മസ്ജിദ് നിർമാണത്തിന്റെ കടമയും പൂർത്തിയാക്കപ്പെടുക. ഹദ്റത്ത് മസീഹ് മൗഊദ് (അ) ഒരിടത്ത് നമ്മുടെ ശ്രദ്ധക്ഷണിച്ചിരിക്കുന്നതും ഇതേ കാര്യത്തിലേക്കാണ്.

ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: 'ഇപ്പോൾ നമ്മുടെ ജമാഅത്തിന് മസ്ജിദുകളുടെ വളരെ അധികം ആവശ്യമുണ്ട്. ഇത് അല്ലാഹുവിന്റെ ഭവനമാണ്. നമ്മുടെ ജമാഅത്തിന്റെ മസ്ജിദ് സ്ഥാപിക്കപ്പെടുന്ന ഗ്രാമത്തിലും നഗരത്തിലും ജമാഅത്തിന്റെ പുരോഗതിയുടെ തറക്കല്ലിടപ്പെട്ടിരിക്കുന്നു എന്ന് മനസ്സിലാക്കുക. മുസ്ലിംകൾ കുറവോ ഇല്ലാത്തതോ ആയ ഏതെങ്കിലും ഗ്രാമമോ പട്ടണമോ ഉണ്ടെങ്കിൽ, അവിടെ ഇസ്ലാമിന്റെ പുരോഗതി ഉണ്ടാക്കണമെങ്കിൽ ഒരു മസ്ജിദ് നിർമിക്കേണ്ടതാണ്. അപ്പോൾ അല്ലാഹു സ്വയം മുസ്ലിംകളെ വലിച്ചടുപ്പിക്കുന്നതായിരിക്കും." (അതായത് മറ്റു മുസ്ലിംകളും വരുന്നതായിരിക്കും. ഇവിടത്തെ തദ്ദേശീയരുടെ അംഗസംഖ്യയേക്കാൾ വർധനവുമുണ്ടാകുന്നതാണ്). പറയുന്നു: "എന്നാൽ, മസ്ജിദ് നിർമാണത്തിൽ ആത്മാർഥമായ മനോഭാവമുണ്ടായിരിക്കണം എന്നതാണ് നിബന്ധന. അല്ലാഹുവിനു വേണ്ടി മാത്രം അത് നിർമിക്കുക. സ്വാർഥപരമായ ഏതെങ്കിലും ഉദ്ദേശ്യമോ ഏതെങ്കിലും പ്രശ്നമോ ഒരിക്കലും അതിൽ ഉണ്ടാവരുത്, അപ്പോഴായിരിക്കും അല്ലാഹു അനുഗ്രഹം ചൊരിയുക."

ഈ നിബന്ധനയെ കുറിച്ച് എല്ലായിപ്പോഴും എല്ലാവരും ചിന്തിക്കേണ്ടതാണ്. നിയ്യത്തിൽ (മനോഭാവം)തികഞ്ഞ ആത്മാർഥത ഉണ്ടായിരിക്കേണ്ടതാണ്. ഒരു വിധത്തിലുള്ള കുഴപ്പവും പ്രശ്നവും ഹൃദയത്തിലുണ്ടാവരുത്. പൂർണമായും അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുന്നതിനുവേണ്ടി ത്യാഗം ചെയ്യുകയും മസ്ജിദ് നിർമിക്കുകയും അതിനെ ജനബാഹുല്യമാക്കുകയും ചെയ്യുക. അങ്ങനെയെങ്കിൽ എണ്ണമറ്റ അനുഗ്രഹം പതിയുന്നതായിരിക്കും.

പറയുന്നു, 'ജമാഅത്തിന് സ്വന്തം മസ്ജിദ് ഉണ്ടായിരിക്കേണ്ടതാണ്. അതിൽ ജമാഅത്തിന്റെ ഇമാമും ഉണ്ടായിരിക്കണം. ഉപദേശ പ്രസംഗവും മറ്റും നടത്തുകയുംവേണം. ജമാഅത്തംഗങ്ങൾ ഒരുമിച്ചുകൊണ്ട് ഈ മസ്ജിദിൽ ജമാഅത്തായി നമസ്കരിക്കേണ്ടതാണ്. പറയുന്നു: ജമാഅത്തിലും ഐക്യത്തിലും വലിയ അനുഗ്രഹമുണ്ട്. നോർവേയിലോ ഡെന്മാർക്കിലോ മറ്റേതെങ്കിലും രാജ്യത്തോ ഉള്ളവരാണെങ്കിലും ശരി, അവർ ഓർത്തിരിക്കേണ്ട വളരെ സുപ്രധാനമായൊരു കാര്യമാണിത്. മസ്ജിദ് ജനബാഹുല്യമാക്കുന്നതിന്റെ ലക്ഷ്യംതന്നെ ജമാഅത്തിന്റെ ഐക്യമാണ്. നമ്മൾ ഈ ഐശ്വര്യം നിലനിറുത്താനായി പരിശ്രമിക്കേണ്ടതാണ്.' പറയുന്നു: 'കൂട്ടംതെറ്റുമ്പോൾ ഭിന്നതകൾ ഉടലെടുക്കുന്നു. ഐക്യത്തിനും ഒരുമയ്ക്കും വളരെ അധികം അഭിവൃദ്ധി നല്കേണ്ട സമയമാണിത്. ഐക്യത്തിലും ഒരുമയിലും സ്നേഹത്തിലും മുന്നോട്ട് പോവുക. ചെറിയ ചെറിയ കാര്യങ്ങൾ അവഗണിച്ചു കളയേണ്ടതാണ്. ചെറിയ കാര്യങ്ങളിലുള്ള കലഹം, ബഹളം, ദുർഭാവന തുടങ്ങിയവ അവസാനിപ്പിക്കുക. പറയുന്നു: 'ഭിന്നിപ്പിന് കാരണമാകുന്ന ചെറിയ ചെറിയ കാര്യങ്ങൾ അവഗണിച്ചുകളയേണ്ടതാണ്.' (മൽഫൂദാത്ത് വാല്യം 7 പേജ് 119-120 1985, ലണ്ടൻ പതിപ്പ്)

ഇസ്ലാമികാധ്യാപനങ്ങൾ മുസ്ലിംകൾ വിസ്മരിച്ചു കളയുകയും വിവിധ തരത്തിലുള്ള അനാചാരങ്ങൾ വ്യാപിച്ച് അവർ കക്ഷിത്വത്തിൽ അകപ്പെടുകയും ഇസ്ലാമിക മൂല്യങ്ങളെന്നല്ല, സ്വഭാവപരമായ മഹത്ത്വംപോലും വിസ്മരിക്കുകയും ചെയ്തപ്പോൾ, അതിൽനിന്ന് രക്ഷപ്പെട്ട് വ്യക്തിപരമായ താൽപര്യങ്ങൾക്കുപകരം അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കാൻ ശ്രമിക്കുന്നതിനു വേണ്ടിയാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കൈകളിൽ നമ്മൾ ബയ്അത്ത് ചെയ്തിരിക്കുന്നത്. മറ്റുള്ളവരിൽനിന്ന് നമ്മൾ പാഠം പഠിക്കേണ്ടതാണ്. നമ്മൾ ഒന്നായി നിലകൊള്ളണം. ഇതിന് പരസ്പരം ഐക്യവും ഒത്തൊരുമയും ഉണ്ടാക്കേണ്ടതാണ്. ഇതിന് അല്ലാഹു പറഞ്ഞുതന്നിരിക്കുന്ന മാർഗത്തിലൂടെ നടക്കേണ്ടതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) നമസ്കാരവും മസ്ജിദും തമ്മിൽ ബന്ധപ്പെടുത്തിക്കൊണ്ട് ഇക്കാര്യത്തിൽ നമുക്ക് നൽകിയ ഉപദേശം ഞാൻ വിവരിക്കാം.

ആ മഹാത്മാവ് പറയുന്നു: "നമസ്കാരത്തിൽ ജമാഅത്തിനുള്ള പ്രതിഫലം വെച്ചിരിക്കുന്നത് അതുമുഖേന ഐക്യം ഉണ്ടാകുന്നു എന്ന ഉദ്ദേശ്യത്താലാണ്. പിന്നീട്, ഈ ഐക്യത്തെ പ്രവർത്തനപഥത്തിൽ കൊണ്ടുവരാൻ വളരെയധികം ഊന്നൽ നൽകിയിരിക്കുന്നു. പരസ്പരം കാലുകൾപോലും ഒരുമിച്ചായിരിക്കണം. സ്വഫ്ഫിൽ നില്ക്കുമ്പോൾ ഒപ്പത്തിനൊപ്പം കാലുകൾ വെക്കേണ്ടതാണ്. കാലിന്റെ മടമ്പ് ഒരേ ലൈനിലും നേരെയുമായിരിക്കേണ്ടതാണ്. പരസ്പരം തോളോടുതോൾചേർന്ന് നില്ക്കേണ്ടതാണ്. പറയുന്നു: 'ഇതുകൊണ്ടുള്ള ഉദ്ദേശ്യം ഒരു മനുഷ്യന്റെ കല്പനയിൽ ഉൾപെടണം എന്നതാണ്. അതായത് ഒരാളാണെന്ന് തോന്നും വിധം നേരെ നിൽക്കുക. ഒരാളുടെ പ്രകാശം മറ്റൊരാളിലേക്ക് പ്രവഹിക്കണം. ചിലരിൽ ആത്മീയത കൂടുതലുണ്ടാകും. ചിലരിൽ കുറവായിരിക്കും.' ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'അപ്പോൾ നി

ങ്ങൾ ഒന്നായിത്തീർന്നാൽ ആത്മീയതയുടെ പ്രകാശം പരസ്പരം പ്രവഹിക്കപ്പെടുന്നതാണ്. അഹംഭാവവും സ്വാർഥതയും മൂലമുണ്ടാകുന്ന വേർതിരിവ് ഇല്ലാതാകുന്നു. ഇതായിരുന്നു ഹദ്റത്ത് മസീഹ് മൗഊദ്(അ)ആഗ്രഹിച്ചത്. സ്വാർഥതയും സ്വന്തം കാര്യം നോക്കലും പൂർണമായും ത്യജിച്ചുകൊണ്ട് ഒന്നായിത്തീരുക. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'മറ്റുള്ളവരുടെ പ്രകാശം ആവാഹിച്ചെടുക്കാനുള്ള ശക്തി മനുഷ്യനുണ്ടെന്ന കാര്യം നല്ലവണ്ണം ഓർത്തുകൊള്ളുക. ഈ ഐക്യത്തിനു വേണ്ടിയാണ് നിത്യേനയുള്ള നമസ്കരം മഹല്ലിലെ മസ്ജിദിലും, ആഴ്ച്ചക്കുള്ളത് നഗരത്തിലെ മസ്ജിദിലും വർഷത്തിലുള്ളത് ഈദുഗാഹിലും ലോകത്തുള്ള മുസ്ലിംകളെല്ലാം വർഷത്തിലൊരിക്കൽ ബയ്ത്തുല്ലായിലും ഒരുമിച്ചുകൂടാൻ കൽപിക്കപ്പെട്ടിരിക്കുന്നത്. ഈ എല്ലാ കല്പനകളുടേയും ഉദ്ദേശ്യം അതേ ഐക്യം തന്നെയാണ്. നമസ്കാരം മുതൽ ഹജ്ജുവരെയുള്ള എല്ലാ കല്പനകളുടേയും ലക്ഷ്യം മുസ്ലിംകൾ ഒരു സമൂഹം ആയിത്തീരുക എന്നതാണ്.' (ലക്ചർ ലുധിയാന, റൂഹാനീ ഖസായിൻ വാല്യം 20 പേജ് 281-182)

നമസ്കാരം മുതൽ ഹജ്ജ് വരെ എത്രമാത്രം കല്പനകളുണ്ടോ, ഇബാദത്തുകളുണ്ടോ, അതിന്റെ ഉദ്ദേശ്യമെന്താണ്? മുസ്ലീംകൾ ഒരൊറ്റ ജനതയായി നിലകൊള്ളുക. ഇപ്പോൾ നിർഭാഗ്യവശാൽ ഏറ്റവും കൂടുതൽ ഭിന്നതയും ഛിദ്രതയും കുഴപ്പങ്ങളുമുള്ളത് മുസ്ലിംകളിലാണ്. അഹ്മദികളായ നമ്മളാണ് ഇസ്ലാമിന്റെ യഥാർഥവും മനോഹരവുമായ അധ്യാപനങ്ങൾ ലോകത്തിന് പറഞ്ഞുകൊടുത്ത് മാതൃകകളാവേണ്ടവർ.

വീണ്ടും ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'മസ്ജിദിന്റെ യഥാർഥ സൗന്ദര്യം കെട്ടിടവുമായി ബന്ധപ്പെട്ടല്ല, മറിച്ച് ആത്മാർഥതയോടുകൂടി നമസ്കരിക്കുന്ന നമസ്കാരക്കാരുമായി ബന്ധപ്പെട്ടാണ് നിലകൊള്ളുന്നത്. അല്ലാത്ത പക്ഷം ഈ മസ്ജിദുകൾ എല്ലാം വെറും ശൂന്യമാണ്.' ഹദ്റത്ത് മസീഹ് മൗഊദ്(അ) മുസ്ലിംകളുടെ മസ്ജിദുകളെയാണ് സൂചിപ്പിക്കുന്നത്. ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: 'നബി(സ) തിരുമേനിയുടെ മസ്ജിദ് ചെറുതായിരുന്നു. ഈന്തപ്പന ഓലകൾകൊണ്ടാണ് അതിന്റെ മേൽക്കൂര പണിതിരുന്നത്. മഴയുണ്ടാകുമ്പോൾ ചോർന്നൊലിക്കുമായിരുന്നു.മസ്ജിദിന്റെ മനോഹാരിത നമസ്കാരക്കാരുമായിട്ടാണ് ബന്ധപ്പെട്ടിരിക്കുന്നത്. നബി(സ) തിരുമേനിയുടെ കാലത്ത് ഭൗതികരായവരും ഒരു മസ്ജിദ് നിർമിച്ചിരുന്നു. അത് അല്ലാഹുവിന്റെ കല്പനപ്രകാരം പൊളിച്ചുകളഞ്ഞു. 'മസ്ജിദ് ളിറാർ' എന്നായിരുന്നു ആ മസ്ജിദിന്റെ പേര് . അതായത്, 'ദ്രോഹം ചെയ്യുന്ന മസ്ജിദ്' എന്നർഥം. ആ മസ്ജിദ് തകർത്തുകളഞ്ഞു. മസ്ജിദുകളെക്കുറിച്ചുള്ള കല്പന തഖ്വക്കുവേണ്ടി നിർമിക്കുക എന്നതാണ്.(മൽഫൂദാത്ത് വാല്യം 8 പേജ് 170, 1985 ലണ്ടൻ പതിപ്പ്)

ഈ മസ്ജിദിന്റെ നിർമാണത്തിൽ സ്ത്രീകളിലും പുരുഷന്മാരിലും കുട്ടികളിലും ത്യാഗാവേശം തീർച്ചയായും കാണാൻ സാധിക്കും. പ്രത്യേകിച്ചും കുട്ടികളുടെ നിസ്വാർഥവും നിഷ്കളങ്കവുമായ ത്യാഗങ്ങൾ എല്ലാ പ്രദർശനപരതയിൽ നിന്നും ശുദ്ധമാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ദുആകളും അധ്യാപനങ്ങളും നമ്മളിൽ പൊതുവെ ദീനിന് ദുൻയാവിനേക്കാൾ മുന്തിക്കേണ്ടതിന്റെ ഗ്രാഹ്യം നല്കിയിരിക്കുന്നു എന്നതിന്റെ തെളിവാണിത്. മസ്ജിദ് നിർമിക്കുക എന്ന നമ്മുടെ ചിന്താഗതി ഭൗതികമായ ലക്ഷ്യം വെച്ചു കൊണ്ടുള്ളതല്ല. പൂർണമായും ഇബാദത്തു ചെയ്യുന്നവർക്ക് വേണ്ടിയാണ് മസ്ജിദ് നിർമിച്ചിരിക്കുന്നത്. ഭക്തിയിൽ ചരിച്ചുകൊണ്ട് അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുന്നതിനുവേണ്ടിയാണ്. അതിനാൽ, നമ്മൾ അല്ലാഹുവിന്റെ പ്രീതിക്കുവേണ്ടി ചെയ്തിരിക്കുന്ന എല്ലാ പ്രവർത്തികൾക്കുംശേഷം, ഏതെങ്കിലും ഒരു ലക്ഷ്യം കരസ്ഥമാക്കിയതിനുശേഷം നമ്മൾ നമ്മുടെ ജീവിതത്തിന്റെ അടിസ്ഥാന ലക്ഷ്യം അവഗണിക്കുന്നവരായി മാറരുത് എന്ന ചിന്ത എപ്പോഴും ഉണ്ടായിരിക്കേണ്ടതാണ്. നമ്മൾ ഒരു മനോഹരമായ മസ്ജിദ് നിർമിച്ചു കഴിഞ്ഞാൽ നമ്മുടെ കടമ തീർന്നുവെന്നോ എല്ലാ ജോലിയും അവസാനിച്ചുവെന്നോ വിചാരിക്കരുത്. ഈ മസ്ജിദിന്റെ നിർമാണത്തിനുശേഷം നമ്മുടെ യഥാർഥ ജോലികൾക്ക് വാസ്തവത്തിൽ സമാരംഭം കുറിച്ചിരിക്കുകയാണ്. ഇവിടെ താമസിക്കുന്ന ഓരോരുത്തരും ഇക്കാര്യം ഓർത്തിരിക്കേണ്ടതാണ്. വമാ ഖലഖ്ത്തുൽ ജിന്ന വൽ ഇൻസ ഇല്ലാ ലിയഅ്ബുദൂൻ(51:57) അതായത് ജിന്നിനേയും ഇൻസിനേയും നാം ആരാധനയ്ക്കുവേണ്ടിയാണ് സൃഷ്ടിച്ചത്. ഈ ഒരു ഇബാദത്തിന്റെ കടമ നമ്മൾ നിറവേറ്റണമെന്ന കാര്യം എപ്പോഴും ഓർക്കേണ്ടതാണ്. ഇബാദത്തിന്റെ കടമ മസ്ജിദുകളിൽ വരുന്നവരുടെ എണ്ണം വർധിപ്പിച്ചുകൊണ്ടാണ് ഏറ്റവും കൂടുതലായ നിലയിൽ നിറവേറ്റാൻ സാധിക്കുക. ഞാൻ ഹദീഥ് മുമ്പേ വിവരിച്ചിരുന്നു. അല്ലാഹു തന്റെ ദാസരോട് എങ്ങനെയാണ് സ്നേഹം പ്രകടിപ്പിക്കുന്നതെന്ന് നോക്കുക. അവർക്ക് അനുഗ്രഹങ്ങൾ നല്കുന്നത് നോക്കുക. ജമാഅത്തായ നമസ്കാരം പള്ളിയിൽ വന്ന് നമസ്കരിക്കുന്ന വ്യക്തിക്ക് 27 ഇരട്ടി പ്രതിഫലം ഉണ്ടായിരിക്കുംമെന്ന് നബി(സ)തിരുമേനി മുഖേന അല്ലാഹു നമുക്ക് പറഞ്ഞു തരികയുണ്ടായി. (ബുഖാരി, കിതാബുസ്സ്വലാത്ത്, ഹദീഥു നമ്പർ 645)

മറ്റൊരു ഹദീഥിൽ നബി(സ) തിരുമേനി പറഞ്ഞു, ഹദ്റത്ത് അബൂ ഹുറയ്റ(റ) നിവേദനം, ഒരാളുടെ ജമാഅത്തായുള്ള നമസ്കാരത്തിന് അയാളുടെ സ്വന്തം വീട്ടിലോ ചന്തയിലോ നമസ്കരിക്കുന്നതിനേക്കാൾ 25 ഇരട്ടി പ്രതിഫലം ലഭിക്കുന്നതാണ്. (ചില നിവേദനങ്ങളിൽ 27 ഇരട്ടി എന്നും വന്നിട്ടുണ്ട്.) അയാൾ നല്ലവണ്ണം വുളു എടുത്ത് മസ്ജിദിലേക്ക് പുറപ്പെടുമ്പോൾ -ആ ഒരവസ്ഥയിൽ അയാളെ നമസ്കാരമൊന്നുമാത്രമാണ് പുറത്തുകൊണ്ടുവരുന്നത്- അതുകൊണ്ട് അയാൾ വെക്കുന്ന ഓരോ ചുവടിനും അയാളുടെ ഒരു സ്ഥാനം ഉയർത്തുകയും രണ്ടാമത്തേതിൽ അയാളുടെ പാപം ദുരീകരിക്കപ്പെടുകയും ചെയ്യുന്നതാണ്. അയാൾ നമസ്കരിക്കുമ്പോൾ തന്റെ മുസ്വല്ലയിൽ ആയിരിക്കുവോളം മലക്കുകൾ അയാൾക്കുവേണ്ടി കാരുണ്യത്തിന്റെ ദുആ ചെയ്തുകൊണ്ടിരിക്കും. അവർ പറയും, അല്ലാഹുവേ ഇയാളിൽ പ്രത്യേകം അനുഗ്രഹം ചൊരിയേണമേ. ഇദ്ദേഹത്തിൽ കരുണ ചൊരിയേണമേ. പറയുന്നു, നിങ്ങളിൽ ഒരാൾ നമസ്കാരത്തിനായി കാത്തിരിക്കുമ്പോഴും നമസ്കാരത്തിൽ തന്നെയായിരിക്കും.(ബുഖാരി, കിതാബുസ്സ്വലാത്ത്, ഹദീഥു നമ്പർ 647) അല്ലാഹുവിനെ കാത്തിരിക്കുന്നതിന് പ്രതിഫലം കിട്ടുകയില്ല എന്ന് ചിന്തിക്കരുത്. മസ്ജിദിൽ വന്ന് നമസ്കാരത്തിന് കാത്തിരിക്കുന്നതിനും പ്രതിഫലമുണ്ട്.

മറ്റൊരു രിവായത്തിൽ നബി(സ)തിരുമേനി പറഞ്ഞു: 'രാവിലേയും വൈകുന്നേരവും മസ്ജിദിലേക്ക് പോകുന്നവന് അല്ലാഹു സ്വർഗത്തിൽ അതിഥിസൽക്കാരത്തിനുള്ള സംവിധാനം ഒരുക്കുന്നു.'(ബുഖാരി, കിതാബുസ്സ്വലാത്ത്, ഹദീഥു നമ്പർ 662)

മസ്ജിദുകളിൽ വരുന്നവർ അല്ലാഹുവിന്റെ അതിഥികളായിരിക്കും. ഈ മസ്ജിദിന്റെ നിർമാണത്തിനുള്ള നന്ദിപ്രകടനം നമ്മൾ മുമ്പത്തേക്കാളധികം പരസ്പരസ്നേഹപ്രകടനങ്ങളിലൂടെയും കാണിക്കേണ്ടതാണ്. ഇവിടെ താമസിക്കുന്ന നിങ്ങളെല്ലാവരും ഇത് ചെയ്യേണ്ടതാണ്. ലോകത്തിന്റെ ഏത് കോണിൽ താമസിക്കുന്ന അഹ്മദികളും മസ്ജിദുകളിൽ പോകുമ്പോൾ മസ്ജിദുകളോടുള്ള ഈ കടമയും നിറവേറ്റുക. ഈ മസ്ജിദിന്റെ നിർമാണത്തിനുശേഷം നിങ്ങൾ ഇസ്ലമികാധ്യാപനങ്ങൾ അനുസരിച്ച് നിങ്ങളുടെ മാതൃക മുമ്പത്തേക്കാളധികം ജനങ്ങൾക്ക് കാണിച്ചുകൊടുക്കേണ്ടതാണ്. അതിനെക്കുറിച്ച് അവർക്ക് അറിവ് നല്കണം; മസ്ജിദുകൾ മുസ്ലിം ആക്കിത്തീർക്കാനുള്ള മാർഗമായിത്തീരുമെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതുപോലെ. നമ്മുടെ കർമങ്ങൾ ഇസ്ലാമികാധ്യാപനങ്ങൾ അനുസരിച്ചല്ലെങ്കിൽ, നമ്മൾ ഇസ്ലാമിന്റെ സന്ദേശം എത്തിക്കുന്നില്ലെങ്കിൽ ജനങ്ങൾ മസ്ജിദു കണ്ടുകൊണ്ട് ഈ ഭാഗത്തേക്ക് തീർചയായും ശ്രദ്ധിക്കുമെങ്കിലും, ഞാൻ പറഞ്ഞതുപോലെ ഇത് ഹൈവേയിൽ നില്ക്കുന്നതുകൊണ്ട് വെട്ടിത്തിളങ്ങുന്ന മസ്ജിദിന്റെ ഗോപുരം ദൂരെ നിന്നുതന്നെ ജനങ്ങളുടെ ശ്രദ്ധ ആകർഷിക്കുമെങ്കിലും അതു കേവലം ബാഹ്യമായ ഭംഗിയിൽമാത്രം ഒതുങ്ങിപ്പോകും. ഇതിൽ ആരാധന നിർവഹിക്കുന്നവർ ഈ മസ്ജിദിൽ ആരാധന നടത്തുമ്പോൾ പ്രകടമാകുന്ന ആത്മീയ സൗന്ദര്യമാണ് മസ്ജിദിന്റെ യഥാർഥ ഭംഗിയായി നമുക്ക് ദൃശ്യമാവുക. നൈമിഷികമായ ആവേശത്താലുള്ള ത്യാഗങ്ങളും തീർചയായും വിലമതിക്കേണ്ടത് തന്നെയാണ്. ചിലരുടേത് നൈമിഷികമായ ആവേശമായിരുന്നു. ചിലരുടേത് അനേകം വർഷം നിലനില്ക്കുന്ന ത്യാഗമാണ്. പ്രത്യേകിച്ച് കുട്ടികളുടേയും, യുവാക്കളുടേയും ഭാഗത്ത് നിന്നുണ്ടായ ത്യാഗം. എന്നാൽ, തുടർചയായുള്ള ത്യാഗത്തിന്റെ കാലഘട്ടം ഇപ്പോഴാണ് ആരംഭിച്ചിരിക്കുന്നത്. ഈ മസ്ജിദിന്റെ ബാഹ്യമായ സൗന്ദര്യം ആത്മീയ സൗന്ദര്യത്തിലേക്ക് മാറ്റുക. ഇത് ഇവിടെ താമസിക്കുന്നവർ ചെയ്യേണ്ട വളരെ വലിയ ഒരു പണിയാണ്. മസ്ജിദിന്റെ ഈ ബാഹ്യമായ സൗന്ദര്യം ആന്തരികവും ആത്മീയവുമായ സൗന്ദര്യത്തിൽ പരിവർത്തനം ചെയ്യിക്കുക. ആത്മീയ സൗന്ദര്യം ഒരു തുടർച ആവശ്യപ്പെടുന്നു. തുടർചയായ പരിശ്രമം ആവശ്യപ്പെടുന്നു. ഓരോ അഹ്മദിയും ആത്മീയ സൗന്ദര്യത്തിന്റെ ഈ തുടർചയെ നിലനിറുത്തുമെന്ന് പ്രതിജ്ഞ ചെയ്യുക.

ഞാൻ തുടക്കത്തിൽ പാരായണം ചെയ്ത ആയത്തുകളിൽ ആദ്യത്തേത് സൂറ തൗബയിലേതാണ്. ഇതിൽ അല്ലാഹു പറയുന്നു. അതിന്റെ തർജമ ഇപ്രകാരമാണ്. 'അല്ലാഹുവിന്റെ മസ്ജിദുകൾ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നവരാണ് ജനബാഹുല്യമുള്ളതാക്കുന്നത്. അവർ നമസ്കാരം നിലനിറുത്തുന്നവരും സക്കാത്ത് നല്കുന്നവരുമാണ്. അല്ലാഹുവിനു പുറമെ ആരെയും അവർ ഭയപ്പെടുന്നില്ല. ഇവർ അടുത്തുതന്നെ നേർമാർഗം പ്രാപിച്ചവരിൽ ഉൾപെടുന്നവരായി തീരുന്നവരായിരിക്കും.'

മസ്ജിദ് നിർമിക്കുന്നതിന്റെ ലക്ഷ്യം അല്ലാഹുവിലുള്ള വിശ്വാസമാണ്. മനുഷ്യൻ എല്ലാവിധത്തിലുള്ള ശിർക്കിൽനിന്നും തന്നെ സുരക്ഷിതമാക്കി വെക്കുകയും എല്ലാ വസ്തുക്കളും തരുന്നവൻ അല്ലാഹുവാണെന്ന് മനസ്സിലാക്കുകയും ചെയ്യുമ്പോഴാണ് അല്ലാഹുവിലുള്ള വിശ്വാസം പരിപൂർണമായിരിക്കുക. അതുകഴിഞ്ഞ് ആഖിറത്തിലുള്ള വിശ്വാസമാണ്. അതിന് വിശദീകരണങ്ങളുണ്ട്. എന്നാൽ, മനുഷ്യൻ ഈ കാര്യത്തിൽ മാത്രം ചിന്തിക്കുകയാണെങ്കിൽ ആഖിറത്തിൽ ഒരുപാട് കാര്യങ്ങൾ ഉൾപെടുന്നുണ്ട്. ആഖിറത്ത് ദുൻയാവിനേക്കാൾ ഉത്തമമാണ് എന്നകാര്യം മാത്രം മനുഷ്യൻ ചിന്തിക്കുകയാണെങ്കിൽ ഭൗതികമായ നിസാര കാര്യങ്ങൾ സ്വായത്തമാക്കുന്നതിനുവേണ്ടി തന്റെ മുഴുവൻ കഴിവുകളും ചെലവഴിക്കുന്നതിനുപകരം, തന്റെ ശക്തി ചെലുത്തുന്നതിനുപകരം, ആഖിറത്തിന്റെ അനുഗ്രഹങ്ങളുടെ അവകാശിയായി തന്നെ മാറ്റുന്നതിനുവേണ്ടി പരിശ്രമിക്കുന്നതായിരിക്കും.

അല്ലാഹു ഒരിടത്ത് പറയുന്നു: വലദാറുൽ ആഖിറത്തി ഖയ്റുല്ലില്ലദീനത്തഖൗ 'പരലോകഭവനം തഖ്വ അഥവാ ഭക്തി അവലംബിക്കുന്നവർക്ക് ഏറ്റവും നല്ല ഭവനമാണ്.(12:110) മസ്ജിദ്നിർമാണത്തിലൂടെ വിശ്വാസി ഒരു വീട് നിർമിക്കുകയാണ് ചെയ്യുന്നത്. എന്നാൽ, ഈ ഭവനത്തിന്റെ ജനവാസം, മസ്ജിദിന്റെ ജനബാഹുല്യവും തഖ്വയുമായി ബന്ധപ്പെട്ടിരിക്കുന്നു. മസ്ജിദ് നിർമാണത്തിന്റെ കടമയും തഖ്വയിലൂടെ നടക്കുന്നതിലൂടെ ആയിരിക്കും നിറവേറ്റപ്പെടുക. തഖ്വയെ കുറിച്ച് ഒരു സ്ഥലത്ത് ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു:

"മുത്തഖി ആയിത്തീരുന്നതിന് ഇക്കാര്യം അത്യാവശ്യമാണ്. വലിയ പാപത്തിന് ശേഷം ഉദാഹരണമായി, വ്യഭിചാരം, മോഷണം, അവകാശ ധ്വംസനം, ആളുകളുടെ അവകാശം പിടിച്ചടക്കൽ, പ്രദർശനപരത, എടുത്തു ചാട്ടം, നിന്ദ്യരായി കാണൽ, പിശുക്ക്, എന്നിവ പൂർണമായും ഉപേക്ഷിച്ചും ദുസ്വഭാവങ്ങളെ വർജിച്ചും തൽസ്ഥാനത്ത് ഉന്നത സ്വഭാവ ഗുണങ്ങളിൽ പുരോഗതി കൈവരിക്കേണ്ടത് അനിവാര്യമാണ്. ദുഷിച്ചതും മോശവുമായ സ്വഭാവങ്ങൾ ഉപേക്ഷിക്കുക. ഉന്നതവും മഹത്തരമായതുമായ സ്വഭാവഗുണങ്ങൾ സ്വായത്തമാക്കുക എന്ന് മാത്രമല്ല അതിൽ അഭിവൃദ്ധി കൈവരിക്കുകയും ചെയ്യുക.' ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'ജനങ്ങളോട് നല്ല നിലയിലും സൽസ്വഭാവത്തോടും സഹാനുഭൂതിയോടുംകൂടി പെരുമാറുക. ഇതാണ് സൽസ്വഭാവം, ഇതാണ് തഖ്വ. ജനങ്ങളോട് സ്നേ

ഹത്തോടും സഹാനുഭൂതിയോടും കൂടിപെരുമാറുക. അവരോട് സഹാനുഭൂതി കാണിക്കുക; അവർ ആരാണെന്ന് നോക്കാതെ. അവർ മുസ്‌ലിംകളാവട്ടെ, അമുസ്‌ലിംകളാവട്ടെ, സ്വന്തക്കാരാവട്ടെ, അന്യരാവട്ടെ എല്ലാവരോടും നല്ല സ്വഭാവത്തോടുകൂടി പെരുമാറുക. അല്ലാഹുവിനോട് സത്യസന്ധമായ ആത്മാർത്ഥതയും വിശ്വസ്തതയും കാണിക്കുക. സേവനത്തിന്റെ ഉന്നത സ്ഥാനം അന്വേഷിക്കുക. അല്ലാഹുവിന്റെ പ്രീതിയുടെ ദൃഷ്ടി പതിക്കുന്ന വിധത്തിലുള്ള പ്രവൃത്തികൾ ചെയ്യുക. ഇക്കാര്യങ്ങൾ കൊണ്ടാണ് മനുഷ്യൻ മുത്തഖിയാണെന്ന് പറയപ്പെടുന്നത്. ഏതൊരു കൂട്ടരിലാണോ ഇക്കാര്യങ്ങൾ ഒരുമിച്ചു കൂടുന്നത് അവരാണ് യഥാർഥ മുത്തഖീംകൾ.' ഏതെങ്കിലും ഒരു സ്വഭാവ ഗുണം ആരിലെങ്കിലും ഒറ്റയോതെറ്റയോ ആയിട്ടുണ്ടെങ്കിൽ അയാളെ മുത്തഖി എന്ന് പറയാവതല്ല. ഈ എല്ലാ സ്വഭാവഗുണങ്ങളും ഒരുമിച്ച് കൂടുമ്പോഴായിരിക്കും മുത്തഖി ആയിമാറുക. അതല്ലാതെ ഏതെങ്കിലും ഒരു നന്മ ചെയ്താൽ, ചന്ദ നല്കിയാൽ, നമസ്കരിച്ചാൽ നന്മയായി എന്ന് വിചാരിക്കരുത്. അങ്ങനെയല്ല. ചന്ദയും നമസ്കാരവും ജനസേവനവും, ജനങ്ങളോടുള്ള സഹാനുഭൂതിയും സൽസ്വഭാവവും നല്ല കാര്യങ്ങളുമൊക്കെയാണ് മുത്തഖിയുടെ അടയാളങ്ങൾ.

ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: 'ഏതുവരെ ഉന്നത സ്വഭാവഗുണങ്ങൾ ഒരുമിച്ച നിലയിൽ ഒരാളിൽ ഉണ്ടാകുന്നില്ലയോ അതുവരെ മുത്തഖി ആകാൻ സാധ്യമല്ല.'(മൽഫൂദാത്ത് വാള്യം 4 പേജ് 400, 1985 ലണ്ടൻ പതിപ്പ്)

ഞാൻ പറഞ്ഞതുപോലെ നമ്മുടെ ഉത്തരവാദിത്വം വർധിച്ച് കൊണ്ടിരിക്കുകയാണ്. ഈ മസ്ജിദിന്റെ ഉത്തരവാദിത്വം നിറവേറ്റുന്നതിനുവേണ്ടി നമ്മൾ നമ്മുടെ ഉള്ളിൽ ഒരു വലിയ വിപ്ലവം ഉണ്ടാക്കിയെടുക്കേണ്ടിയിരിക്കുന്നു.

പിന്നീട് നമസ്കാരം നിലനിറുത്തുന്നതിലേക്ക് ശ്രദ്ധ ക്ഷണിച്ചിരിക്കുന്നു. നമസ്കാരം നിലനിറുത്താൻ പറഞ്ഞിട്ടുള്ളത് അഞ്ചുനേരം ജമാഅത്തായുള്ള നമസ്കാരമാണ്. ഈ മസ്ജിദിന്റെ മനോഹാരിതയും നമസ്കാരക്കാരുടെ എണ്ണവുമായിട്ടാണ് ബന്ധപ്പെട്ടിരിക്കുന്നത്; ആത്മാർഥതയോടുകൂടി അല്ലാഹുവിനെ ആരാധിക്കാനാഗ്രഹിക്കുകയോ അല്ലെങ്കിൽ ആരാധിക്കുകയോ ചെയ്യുന്നവരുടെ എണ്ണവുമായിട്ട്. പിന്നീട് സക്കാത്തിനെ കുറിച്ച് പറഞ്ഞുകൊണ്ട് ദരിദ്രരുടെ അവകാശത്തിലേക്കും ശ്രദ്ധക്ഷണിച്ചു. അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്ന ഒരു യഥാർഥ വിശ്വാസിക്ക് നമസ്കാരം നിലനിറുത്തുന്നതിലേക്കും ഇബാദത്തുകളിലേക്കും ശ്രദ്ധിക്കുന്നതോടൊപ്പം നിശ്ചയമായും തങ്ങളുടെ സമ്പത്ത് ശുദ്ധീകരിക്കണം എന്ന ചിന്തയും ഉണ്ടാകുന്നതാണ്. ധനം ശുദ്ധീകരിക്കാനുള്ള ഉത്തമമായ മാർഗം തന്റെ ധനത്തെ അല്ലാഹുവിന്റെ മാർഗത്തിലും അവന്റെ ദാസരുടെ അവകാശങ്ങൾ നിറവേറ്റുന്നതിലും ചെലവഴിക്കുക എന്നതാണ്. ധനത്യാഗത്തിന്റെ യഥാർഥ ഗ്രാഹ്യം ഇന്ന് അഹ്മദികളായ നമുക്കല്ലാതെ മറ്റാർക്കുമില്ല.

അല്ലാഹു വിശുദ്ധ ഖുർആനിൽ പല സ്ഥലങ്ങളിൽ സക്കാത്ത് നല്കുന്നതിലേക്കും ശ്രദ്ധ ക്ഷണിച്ചിട്ടുണ്ട്. തങ്ങളുടെ ധനം ചെലവഴിക്കുന്നകാര്യത്തിലും ശ്രദ്ധ ക്ഷണിച്ചിട്ടുണ്ട്. സക്കാത്ത് പ്രത്യേകമായ നിലയിൽ എടുത്തുപറഞ്ഞ് ശ്രദ്ധ ക്ഷണിച്ചിട്ടുണ്ട്. ജമാഅത്ത് സക്കാത്ത് നല്കുന്ന കാര്യത്തിൽ ശ്രദ്ധിക്കാറില്ലെന്നും അത് ഇസ്‌ലാമിന്റെ അടിസ്ഥാന കല്പനകളിൽപെട്ടതായിട്ടും അതിനെ ഉപേക്ഷിച്ചുകൊണ്ട് ചന്ദയുടെ കാര്യത്തിലാണ് കൂടുതൽ ശക്തി ചെലുത്തുന്നതെന്നും ചിലർ പറയുന്നു. എന്നാൽ, ഈ ചിന്താഗതി തെറ്റാണ്. സക്കാത്ത് നിർബന്ധമാക്കപ്പെട്ടവരുടെ ശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കാറുണ്ട്. കൂടെക്കൂടെ ശ്രദ്ധ ക്ഷണിക്കാറുണ്ട്. ഞാൻ കഴിഞ്ഞ ഏതാനും വർഷമായി പല ഖുത്ബകളിലും ഇതിനെക്കുറിച്ച് വളരെ വിശാലമായ നിലയിൽ ചില അവസരങ്ങളിൽ വെളിച്ചം വീശിയിട്ടുണ്ട്. മാത്രമല്ല, നമുക്ക് എങ്ങനെയാണ് ഇക്കാര്യത്തിൽ ശ്രദ്ധ പതിപ്പിക്കാതിരിക്കാൻ കഴിയുക? സക്കാത്തിന് ഖിലാഫത്ത് വ്യവസ്ഥിതിയുമായും ഒരർഥത്തിൽ വളരെ ഗഹനമായ ഒരു ബന്ധമുണ്ട്. ഖിലാഫത്ത് വ്യവസ്ഥിതിയെ കുറിച്ചുള്ള ആയത്തിൽ അതിനെപ്പറ്റി മാർഗദർശനവും പ്രവചനവും നല്കിയതോടൊപ്പം അതിന്റെ തൊട്ടടുത്ത ആയത്തിൽ നമസ്കാരം നിലനിറുത്തുന്നതിലേക്കും സക്കാത്ത് നല്കുന്നതിലേക്കുമാണ് അല്ലാഹു ശ്രദ്ധ ക്ഷണിച്ചിരിക്കുന്നത്. ഇനി മറ്റു ചന്ദകളെ കുറിച്ചും പദ്ധതികളെക്കുറിച്ചും പറയുകയാണെങ്കിൽ, ഞാൻ പറഞ്ഞതുപോലെ, സക്കാത്ത് എല്ലാവർക്കും നിർബന്ധമല്ല. അതിന് ഒരു തോതുണ്ട്, ചില നിബന്ധനകളുണ്ട്. അതുകൊണ്ടുമാത്രം മുഴുവൻ ചെലവുകളും പൂർത്തിയാവുകയുമില്ല. എത്രവിശാലമായ തോതിലാണോ ലോകത്ത് ജമാഅത്തിന്റെ പ്രവർത്തനങ്ങൾ നടക്കുന്നത് അതിനായി മറ്റു ചന്ദകളിലേക്ക് ശ്രദ്ധ ക്ഷണിക്കേണ്ടത് അനിവാര്യമാണ്. വസ്വിയ്യത്ത് സ്ഥിരമായ നിലയിൽ തങ്ങളിൽ നിർബന്ധമാക്കി, മാസന്തോറും ജമാഅത്തി ചന്ദകൾ നല്കുക എന്ന വ്യവസ്ഥിതി ഹദ്റത്ത് മസീഹ് മൗഊദ്(അ) സ്ഥാപിച്ചതാണ്.

ഏതായിരുന്നാലും ഇപ്പോൾ ഞാൻ അതിന്റെ വിശദീകരണത്തിലേക്കു പോകുന്നില്ല. സാന്ദർഭികമായി ഞാൻ പറയാൻ ആഗ്രഹിച്ച കാര്യം പറഞ്ഞുവെന്നേയുള്ളു. അതായത്, മസ്ജിദിന്റെ നിർമാണത്തോടൊപ്പം നമ്മുടെ ഉത്തരവാദിത്വങ്ങളും വർധിക്കുന്നു. അത് നിറവേറ്റുന്നതിലേക്ക് ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്. അല്ലാഹുവുമായി തങ്ങളുടെ ബന്ധം സ്ഥാപിച്ചും ആഖിറത്തിലേക്ക് ദൃഷ്ടി പതിപ്പിച്ചും കൊണ്ടുമാത്രമേ ഈ ശ്രദ്ധയുണ്ടാകൂ. തങ്ങളുടെ തഖ്‌വയുടെ നിലവാരം ഉയർത്തിക്കൊണ്ടും അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുന്നതിനുവേണ്ടി ശ്രമിക്കുകയാണെങ്കിലും ശ്രദ്ധയുണ്ടാകും. അങ്ങനെ കടമ നിറവേറ്റപ്പെടുന്നതാണ്. നമസ്കാരം നിലനിറുത്തുന്നതിലൂടേയും സൃഷ്ടിസേവനത്തിലൂടേയും ഇതിന്റെ കടമ നിറവേറ്റപ്പെടുന്നതാണ്. ദീനിന് പ്രബലത ഈ കാലഘട്ടത്തിൽ ഹദ്റത്ത് മസീഹ് മൗഊദ് (അ)മുഖേനയായിരുന്നു ലഭിക്കേണ്ടിയിരുന്നത്. അങ്ങനെയാണ് ലഭിച്ചിട്ടുള്ളതും. കാരണം, ആ മഹാത്മാവ് നബി(സ)തിരുമേനിയുടെ സത്യസന്ധനായ ദാസന്റെ രൂപത്തിലാണ് ലോകത്ത് വന്നത്. അല്ലാഹു അദ്ദേഹത്തെ അയച്ചതുതന്നെ ഇസ്‌ലാമികാധ്യാപനങ്ങളുടെ യഥാർഥ മാതൃക സ്ഥാപിക്കുന്നതിനുവേണ്ടിയാണ്. ഇസ്‌ലാമിന് നഷ്ടപ്പെട്ട പ്രതാപം വീണ്ടെടുക്കുന്നതിനുവേണ്ടിയാണ്. അദ്ദേഹം ഖാത്തമുൽ ഖുലഫാ ആകുന്നു. അദ്ദേഹത്തിന്റെ വരവിന്റെ ഉദ്ദേശ്യംതന്നെ ലോകത്തിന് ഇസ്‌ലാമിന്റെ മനോഹാരിത പറഞ്ഞുകൊടുക്കുക എന്നതാണ്.

ഞാൻ പാരായണം ചെയ്ത രണ്ടാമത്തെ ആയത്ത് സൂറത്തുൽ ഹജ്ജിലേതാണ്. അല്ലാഹു പ്രബലത നല്കുന്ന ആളുകൾക്ക് അതു ലഭിക്കുമ്പോൾ അവർ അർഹരായിത്തീരുന്ന പ്രത്യേകതകളെക്കുറിച്ചാണ് അതിൽ പറഞ്ഞിരിക്കുന്നത്. അതിൽ നമസ്കാര നിർവ്വഹണം, സക്കാത്ത് കൊടുക്കൽ, നല്ല കാര്യങ്ങൾ പ്രചരിപ്പിക്കൽ, ചീത്തക്കാര്യങ്ങൾ തടയൽ തുടങ്ങിയവയുണ്ട്. ഈ കാലഘട്ടത്തിൽ ഞാൻ പറഞ്ഞതുപോലെ, ഹദ്റത്ത് മസീഹ് മൗഊദ്(അ) മുഖേനയാണ് പ്രബലത ലഭിക്കേണ്ടിയിരുന്നത്. ഇക്കാലത്ത് ഖിലാഫത്ത് വ്യവസ്ഥിതി തുടരേണ്ടിയിരുന്നതും അദ്ദേഹത്തിലൂടെയാണ്. അത് തുടരുകയും ചെയ്തു. ഇന്ന് മുഴുലോകത്തും അഹ്മദിയ്യാ ജമാഅത്തിൽ മാത്രമാണ് ശരിയായ ഇസ്‌ലാമികാധ്യാപനങ്ങൾ പ്രചരിപ്പിക്കുന്ന ഖിലാഫത്ത് വ്യവസ്ഥിതി നിലവിലുള്ളത്. അത് ഇബാദത്തിന്റെ സംസ്ഥാപനത്തിന് മസ്ജിദുകൾ നിർമിച്ചുകൊണ്ട് അല്ലാഹുവിന്റെ സന്ദേശത്തെ ലോകത്ത് പ്രചരിപ്പിച്ചു വരുന്നു. അല്ലാതെ കുഴപ്പവും പ്രശ്നങ്ങളും ഉണ്ടാകുന്ന സ്ഥലങ്ങളല്ല മസ്ജിദുകൾ. മസ്ജിദുകൾ പ്രബലതക്ക് കാരണമാകുന്ന കാര്യങ്ങളാണ്. അത് ഇസ്‌ലാമികാധ്യാപനങ്ങൾ പ്രചരിപ്പിക്കുകയും അതുമുഖേന ഇസ്‌ലാമിന് അഭിമാനവും, സ്ഥാനവും, ശക്തിയും ലഭിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു.

ഓരോ അഹ്മദിയുടേയും ഒരു വലിയ ഉത്തരവാദിത്വമാണ് ഇക്കാര്യങ്ങളെ കുറിച്ച് ചിന്തിക്കുക എന്നത്. ഈ ലക്ഷ്യത്തെ മനസ്സിലാക്കുക. ഇതിന് ചിന്തകൾ അല്ലാഹുവിന്റെ പ്രീതിക്ക് അനുസൃതമാക്കിക്കൊണ്ട് തങ്ങളുടെ പ്രതീക്ഷകൾ പൂർത്തിയാക്കാൻ എപ്പോഴും പരിശ്രമിക്കുക. ഈ ആയത്തിന്റെ വെളിച്ചത്തിൽ അല്ലാഹുവിന്റെ സത്യദാസർ അല്ലാഹുവിൽനിന്ന് സഹായം കരസ്ഥമാക്കുന്നു എന്ന കാര്യം എപ്പോഴും മുന്നിൽ വെക്കുക. അവർക്ക് അല്ലാഹുവിൽ നിന്ന് സഹായം ലഭിക്കുന്നു. മനുഷ്യൻ സത്യവാനും ശരിയായ വിശ്വാസിയുമാണെങ്കിൽ അല്ലാഹുവിനെ സഹായത്തിന് വിളിക്കുമ്പോൾ അല്ലാഹുവിൽനിന്ന് സഹായം ലഭിക്കുന്നതാണ്. അത്തരക്കാർ തങ്ങളുടെ മുഴുവൻ കഴിവുകളും ശക്തികളും മനുഷ്യരുടെ നന്മയ്ക്കുവേണ്ടി ചെലവഴിക്കുന്നു. ഇതാണ് സത്യവാന്മാരായ ദാസരുടെ, വിശ്വാസികളുടെ അടയാളം. അതോടൊപ്പം തന്നെ അല്ലാഹുവിനോടുള്ള കടമയും നിറവേറ്റുന്നു. അല്ലാഹുവിനെ ഭയപ്പെടുന്നവരും ഈമാൻ പുരോഗമിക്കുന്നവരും ആയിരിക്കുമവർ. തഖ്‌വയോടുകൂടി ജീവിതം കഴിച്ച് കൂട്ടുന്നവരായിരിക്കും. അവർ മറ്റുള്ളവരെയും നന്മചെയ്യാൻ ഉപദേശിക്കുന്നു. തിന്മകളിൽ നിന്ന് തടയുകയും ചെയ്യുന്നു.

ഇക്കാര്യങ്ങൾ മനസിലാക്കുന്നവരായി അല്ലാഹു നമ്മെ മാറ്റട്ടെ. നമ്മൾ അല്ലാഹുവിനോടുള്ള കടമയും മസ്ജിദിനോടുള്ള കടമയും തബ്‌ലീഗിനോടുള്ള കടമയും നിറവേറ്റുന്നവരായിത്തീരട്ടെ. സാമ്പത്തിക ത്യാഗത്തിന്റെ നൈമിഷികമായ ആവേശം മാത്രമല്ല നമ്മളിൽ ഉണ്ടാവേണ്ടത്, മറിച്ച് ആത്മീയ പുരോഗതിയുടെ സുസ്ഥിരമായ ആവേശം നമ്മുടെ അവസ്ഥകളിൽ ഉണ്ടാകുന്നവരും നിലനിറുത്തുന്നവരും ആയിത്തീരട്ടെ. ഈ കാലഘട്ടത്തിന്റെ ഇമാമും നബി(സ)തിരുമേനിയുടെ സത്യസന്ധനായ ദാസനുമായ മഹാത്മാവിന് നമ്മൾ ചെയ്ത ബയ്അത്തിന്റെ പ്രതിജ്ഞ പൂർത്തിയാക്കാൻ നമുക്ക് സാധിക്കുമാറാകട്ടെ. അല്ലാഹു എല്ലാവർക്കും ഇതിനുള്ള തൗഫീഖ് നല്കുമാറാകട്ടെ.ആമീൻ.


## നൂറുൽ ഇസ്‌ലാംവകുപ്പിന്റെ പ്രവർത്തന സമയം:

രാവിലെ 9 മണിമുതൽ രാത്രി 11 മണിവരെ.
വെള്ളിയാഴ്ച ദിവസം അവധിയായിരിക്കും.

**1800 3010 2131**

ഈ ടോൾഫ്രീ നമ്പറിൽ വിളിച്ച് താങ്കൾക്ക് അഹ്മദിയ്യ ജമാഅത്തിനെ ക്കുറിച്ച് കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.


### ഹദീഥുന്നബ്‌വി(സ)

നബി(സ)തിരുമേനി പറഞ്ഞു: ചില വചനങ്ങളുണ്ട്. അവ ഫർള് നമസ്കാരങ്ങൾക്കുശേഷം പതിവായി കൊണ്ടുവരുന്നവന് ഒരിക്കലും പരാജയം നേരിടുകയില്ല. 33 വീതം തസ്ബീഹും, ഹംദും, 34 തക്ബീറുമാണവ.

(മുസ്‌ലിം)

**ത്വാലിബെ ദുആ: പി.പി.ഹസ്സൻ കോയ, മഞ്ചേരി**

### ഹദീഥുന്നബ്‌വി(സ)

നബി(സ)തിരുമേനി പറഞ്ഞു: ആരാണോ വിശുദ്ധ ഖുർആനിന്റെ ഒരു അക്ഷരമെങ്കിലും പാരായണം ചെയ്തത് അവന് ഒരു പുണ്യകർമത്തിന്റെ പ്രതിഫലം ലഭിക്കുന്നതാണ്. ഒരു പുണ്യകർമത്തിന് പകരം 10 നന്മകളാണ്. അലിഫ് ലാം മീം ഒരു അക്ഷരമാണെന്ന് ഞാൻ മനസ്സിലാക്കുന്നില്ല. പ്രത്യുത അലിഫ് ഒരക്ഷരമാണ്. ലാമ് വേറൊരു അക്ഷരമാണ്. മീം മറ്റൊരു അക്ഷരമാണ്. (തിർമുദി)

**ത്വാലിബെ ദുആ: എം.എ.മുഹമ്മദ് കോഴിക്കോട്**

EDITOR
H.Shamsuddin
Mobile : +91-84376-99866
Sub Editor : Mohammad Ismaeel
Mobile : +91-94466-56123
e-mail : badarkerla@gmail.com

(Title Code:- PUNMAL00001)
ബദ്ര്‍ വീക്കിലി ഖാദിയാന്‍ The Weekly **BADAR** Qadian
Distt. Gurdaspur (Pb.) INDIA Qadian - 143516
Vol-1 Thursday16 JUNE 2016 Issue-15

MANAGER
NAWAB AHMAD
Tel : +91-1872-224757
Mobile: +91-94170-20616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr
ANNUAL SUBSCRIPTION Rs.300/-

# ഫിത്വ്ര്‍സക്കാത്ത്

## (സര്‍ക്കുലര്‍ 03/24-05-2016)

അല്‍ഹംദുലില്ലാഹ് പരിശുദ്ധ റമളാനിന്റെ അനുഗൃഹീതമാസം ജൂണ്‍മാസത്തിന്റെ ആദ്യ ആഴ്ചയില്‍ ആരംഭിക്കുകയാണ്. ഇസ്‌ലാമില്‍ ഫിത്വ്ര്‍സക്കാത്ത് നല്കുന്നതിന് ഒരു സ്വാഅ് ധാന്യം (ഇപ്പോള്‍ നിലവിലുള്ള മെട്രിക് സിസ്റ്റം അനുസരിച്ച് 2 കിലോ 750 ഗ്രാം) തോത് നിജപ്പെടുത്തിയിരിക്കുന്നു. പൂര്‍ണമായ ഈ തോതനുസരിച്ച് റമളാന്‍ മാസത്തിനുമുമ്പേയോ രണ്ടാമത്തെ പത്തിന്റെ ഉള്ളിലോ ഫിത്വ്ര്‍സക്കാത്ത് കൊടുക്കാന്‍ ജമാഅത്തംഗങ്ങള്‍ ശ്രമിക്കേണ്ടതാണ്.

ഇന്ത്യന്‍ സംസ്ഥാനങ്ങളില്‍ ഗോതമ്പിന്റേയും അരിയുടേയും വില വിഭിന്നമാണ്. അതുകൊണ്ട് പ്രസിഡന്റുമാരും അമീര്‍മാരും തങ്ങളുടെ പ്രാദേശിക വില അനുസരിച്ച് തോതനുസരിച്ചുള്ള ഫിത്വ്ര്‍സക്കാത്ത് നിശ്ചയിക്കേണ്ടതാണ്.

പഞ്ചാബ് സംസ്ഥാനത്തിന് ഈ വര്‍ഷം 45/രൂപയാണ് നിശ്ചയിച്ചിട്ടുള്ളത്.

തദ്ദേശ ജമാഅത്തുകളില്‍ നിര്‍ധനരും അര്‍ഹതപ്പെട്ടവരുമുണ്ടെങ്കില്‍ ഫിത്വ്ര്‍സക്കാത്തിന്റെ മൊത്തം സംഖ്യയില്‍നിന്ന് വെറും തൊണ്ണൂര്‍ ശതമാനംവരെയുള്ള തുക മജ്‌ലിസെ ആമിലായുടെ അഭിപ്രായത്തിനും തീരുമാനത്തിനും ശേഷം വിതരണം ചെയ്യാവുന്നതാണ്. ശേഷിക്കുന്ന മുഴുവന്‍ തുകയും മര്‍ക്കസില്‍ അടയ്ക്കേണ്ടതാണ്. നിര്‍ധനരും അര്‍ഹതപ്പെട്ടവരുമില്ലാത്ത ജമാഅത്ത് വസൂല്‍ ചെയ് തിട്ടുള്ള മുഴുവന്‍ തുകയും സ്വദ്ര്‍ അഞ്ചുമന്‍ അഹ്മദിയ്യായുടെ ജമാഅത്തി അക്കൗണ്ടിലേക്ക് അയക്കേണ്ടതാണ്.

ഫിത്വ്ര്‍ സക്കാത്തിന്റെ തുക മസ്ജിദ് തുടങ്ങിയവയുടെ ചെലവുകള്‍ക്കായി ഉപയോഗിക്കാന്‍ അനുവാദമില്ല.

# സക്കാത്ത്

## (സര്‍ക്കുലര്‍ 01/23-05-2016)

ഇസ്‌ലാമിന്റെ അടിസ്ഥാനപരമായ അഞ്ചുകാര്യങ്ങളിലൊന്ന് സക്കാത്താണെന്ന് ജമാഅത്തംഗങ്ങള്‍ക്ക് അറിവുള്ളതാണ്. തോത് പൂര്‍ത്തിയായിട്ടുള്ള മുസ്‌ലീംകള്‍ക്ക് സക്കാത്ത് കൊടുക്കുക എന്നത് സുപ്രധാനമായൊരു മതവിധി ഉള്‍ക്കൊള്ളുന്ന നിര്‍ബന്ധ കടമയാണ്.

സയ്യിദുനാ ഹദ്റത്ത് അമീറുല്‍മുഅ്മിനീന്‍ അയ്യദഹുല്ലാഹ് പറയുന്നു: സക്കാത്തിന്റെ പ്രാധാന്യവും നിര്‍ബന്ധമാക്കലും ആരും നിഷേധിക്കുന്നില്ല. അതുകൊണ്ട് സക്കാത്ത് നിര്‍ബന്ധമായിട്ടുള്ളവര്‍ അത് കൊടുക്കേണ്ടത് നിര്‍ബന്ധമാണെന്ന് ഞാന്‍ പറയുകയാണ്. അവര്‍ നിര്‍ബന്ധമായും അതു കൊടുക്കുക. പ്രത്യേകിച്ചും ആഭരണങ്ങള്‍ ഉണ്ടാക്കിവച്ചിട്ടുള്ള സ്ത്രീകള്‍ക്ക് അത് നിര്‍ബന്ധമാണ്. സ്വര്‍ണത്തിന് സക്കാത്ത് നിര്‍ബന്ധമാണ്.

**സക്കാത്തിന്റെ തോത്:**

സക്കാത്ത് വരുമാനത്തിന്മേല്‍ മാത്രമുള്ള ഒരു നികുതിയല്ല. പ്രത്യുത അതു ആസ്തിയിന്മേലും വരുമാനിത്തിന്മേലും ഒപ്പം ചുമത്തപ്പെടുന്നതത്രെ. പലപ്പോഴും ഈ തുക അറ്റാദായത്തിന്റെ 50% ശതമാനത്തോളംവരും. (അഹ്മദിയ്യത്ത് അഥവാ യഥാര്‍ഥ ഇസ്‌ലാം മലയാളം പേജ് 278, അന്‍വാറുല്‍ ഉലൂം വാള്യം 8 പേജ് 306)

ആഭരണങ്ങളുടേയും രൊക്കം പണത്തിന്റേയും സക്കാത്തിന്റെ തോതിനെ സംബന്ധിച്ച് സയ്യിദുനാ അമീറുല്‍മുഅ്മിനീന്‍ ഖലീഫത്തുല്‍മസീഹ് അല്‍ഖാമിസ് അയ്യദഹുല്ലാഹ് പറയുന്നു: ''വെള്ളിയ്ക്ക് വെള്ളിയുടേയും സ്വര്‍ണത്തിന് സ്വര്‍ണത്തിന്റേയും തോത് നബി(സ)തിരുമേനിയുടെ അനുഗൃഹീതഭരണകാലത്ത് നബി(സ)തിരുമേനി നേരിട്ട് നടപ്പില്‍വരുത്തിയത് തന്നെയായിരുക്കും. നാണയത്തിനുള്ള സക്കാത്തിന്റെ തോതിനെക്കുറിച്ച് പറയുമ്പോള്‍ ഇക്കാലത്ത് ലോകത്തിലെ ഭൂരിഭാഗവും സ്വര്‍ണത്തിന്റെ തന്നെ തോതാണ് സ്വീകരിച്ചിട്ടുള്ളത്. അതുകൊണ്ട് നാണയത്തിന്റെ സക്കാത്തിലും സ്വര്‍ണത്തെത്തന്നെ മാനദണ്ഡമായി മനസ്സിലാക്കുന്നതായിരിക്കും.'' നബി(സ)തിരുമേനി വെള്ളിക്ക് 52 1/2 (അമ്പത്തിരണ്ടര)തോലയും സ്വര്‍ണത്തിന് 7 തോലയുമാണ് തോത്(നിസ്വാബ്)നിശ്ചയിച്ചിട്ടുള്ളത്.

ഇതിന്റെ അടിസ്ഥാനത്തില്‍ ആരുടെ കൈയിലാണോ അമ്പത്തിരണ്ടര തോല(612 ഗ്രാം)വെള്ളിയുള്ളത്, അതുകൈവശംവന്ന് ഒരു വര്‍ഷം കഴിഞ്ഞിട്ടുണ്ടെങ്കില്‍ അതിന് 1/40 (നാല്പതിലൊരു)ഭാഗം അതായത് രണ്ടര ശതമാനം സക്കാത്ത് കൊടുക്കേണ്ടത് നിര്‍ബന്ധമാണ്.

ഇപ്രകാരം ആരുടെ കൈയിലാണോ 7 തോല(87 ഗ്രാം) സ്വര്‍ണമുള്ളത് അല്ലെങ്കില്‍ അതിനുതുല്യമായ പണമുള്ളത് അതിന് ഒരു വര്‍ഷം കഴിഞ്ഞാല്‍ അതിനും നാല്പതിലൊന്ന് ഭാഗം അതായത് രണ്ടര ശതമാനം സക്കാത്ത് കൊടുക്കേണ്ടത് നിര്‍ബന്ധമാണ്.

ആഭരണത്തിനുള്ള സക്കാത്തിന്റെ ബന്ധം, അത് ധരിക്കാനായി വെച്ചിട്ടുള്ളതും വ്യക്തിപരമായി ഉപയോഗിച്ചുവരുന്നതും വല്ലപ്പോഴുമൊക്കെ ദരിദ്രര്‍ക്ക് ഇരവുകൊടുക്കുന്നതുമാണെങ്കില്‍ അത്തരം ആഭരണത്തിനും സക്കാത്ത് കൊടുന്നത് നല്ലതാണ്; നിര്‍ബന്ധമല്ല. ആഭരണത്തിന്റെ സക്കാത്തിനെ സംബന്ധിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: ''ധരിക്കുന്ന ആഭരണങ്ങള്‍ക്കും ദരിദ്രരായ സ്ത്രീകള്‍ക്ക് ധരിക്കാന്‍കൊടുക്കുന്ന ആഭരണങ്ങള്‍ക്കും സക്കാത്തില്ലെന്നാണ് ഫത്‌വ. ധരിക്കുന്ന ആഭരണങ്ങള്‍ക്കും ദരിദ്രരായ സ്ത്രീകള്‍ക്ക് ധരിക്കാന്‍ കൊടുക്കുന്ന ആഭരണങ്ങള്‍ക്കും സക്കാത്ത് കൊടുക്കുന്നതാണ് ഉത്തമം. അതായത് തങ്ങളുടെ ആത്മാവിനുവേണ്ടി അത് ഉപയോഗിക്കപ്പെടുകയാണ്. നമ്മുടെ വീട്ടില്‍ ഇതനുസരിച്ചാണ് പ്രവര്‍ത്തിക്കുന്നത്. ഓരോ വര്‍ഷത്തിനുശേഷവും തങ്ങളുടെ കൈയിലുള്ള ആഭരണങ്ങള്‍ക്ക് സക്കാത്ത് നല്കുന്നു. ഏതൊരു ആഭരണമാണോ രൂപപോലെ സമാഹരിച്ചുവെക്കുന്നത് അതിനു സക്കാത്ത് കൊടുക്കണമെന്നതില്‍ അഭിപ്രായവ്യത്യാസമില്ല.''(അല്‍ഹക്കം 1905 നവംബര്‍ 17 പേജ് 11)

ഏതെങ്കിലും ആഭരണം സ്വത്ത് എന്ന നിലയില്‍ ഉണ്ടാക്കിവെക്കുകയാണെങ്കില്‍ അതായത് അത് ധരിക്കുന്നില്ലെങ്കില്‍ അതിന് സക്കാത്ത് നിര്‍ബന്ധമാണ്. സക്കാത്ത് രണ്ടുരീതിയില്‍ കൊടുക്കാവുന്നതാണ്. ആഭരണമെന്ന നിലയില്‍ കൊടുക്കാവുന്നതാണ്. അല്ലെങ്കില്‍ വിലക്കുതുല്യം പണമായി നല്കാവുന്നതാണ്.

സ്നേഹിതന്മാരേ, അനുഗൃഹീത റമളാന്റെ വരവു ഒരു വരവുതന്നെയാണ്. ഈ മാസത്തില്‍ നബി(സ)തിരുമേനി അതിരില്ലാതെ സക്കാത്തും സ്വദഖയും ദാനധര്‍മങ്ങളും ചെയ്യാറുണ്ടായിരുന്നു. ആ മഹാത്മാവിന്റെ കരങ്ങള്‍ ശക്തമായ കാറ്റുപോലെ ചലിച്ചിരുന്നു. അതിനാല്‍ സക്കാത്ത് കൊടുക്കാന്‍ അര്‍ഹരായ പുരുഷന്മാരോടും സ്ത്രീകളോടും അവര്‍ ഈ നിര്‍ബന്ധ കടമ നിര്‍വഹിക്കുന്നതിലേക്ക് എത്രയുംവേഗം ശ്രദ്ധിച്ച് അല്ലാഹുവിന്റെ പ്രതിഫലം പറ്റാന്‍ ശ്രമിക്കണമെന്ന് അപേക്ഷിക്കുകയാണ്.

# ഈദുഫണ്ട്

## (സര്‍ക്കുലര്‍ 03/25-5-2016)

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലമുതലെ നിലനിന്നുവരുന്ന ചന്ദയാണിത്. സന്തോഷവേളകളില്‍ മനുഷ്യന്‍തന്റെ വ്യക്തിപരമായ സന്തോഷത്തിനായി വസ്ത്രങ്ങളിലും ഭക്ഷണങ്ങളിലും സല്‍ക്കാരങ്ങള്‍ തുടങ്ങിയവയിലും പലരീതിയിലുള്ള ചെലവുകളും നടത്തുകയും മറ്റുള്ളവര്‍ക്ക് സമ്മാനങ്ങള്‍ നല്കുകയും ചെയ്യുന്നിടങ്ങളില്‍ ദീനിന്റെ ഉദ്ദേശ്യങ്ങളും ഓര്‍മവെക്കണമെന്നതാണ് ഈ ഫണ്ടു കൊണ്ടുദ്ദേശിക്കുന്നത്. അഹ്മദി സ്നേഹിതന്മാര്‍ ബയ്അത്തിന്റെ വേളകളില്‍ ദീനിനെ ദുന്‍യാവിനെക്കാള്‍ മുന്തിക്കുമെന്ന് ഏറ്റുപറഞ്ഞിട്ടുള്ളവരാണ്. അതുകൊണ്ട് എല്ലാ അഹ്മദികളില്‍നിന്നും പ്രതീക്ഷിക്കുന്നത് അവര്‍ സന്തോഷ ദിനങ്ങളില്‍ ദീനിന്റെ ഉദ്ദേശ്യങ്ങളും തീര്‍ച്ചയായും ഓര്‍മവെക്കുമെന്നാണ്. ഈ ഉദ്ദേശ്യനിവര്‍ത്തിക്കായി ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലഘട്ടത്തില്‍ വരുമാനമുള്ള അഹ് മദി ഈ ഫണ്ടിലേക്ക് ഒരാള്‍ ഒരു രൂപ എന്ന നിലയില്‍ ഈദുഫണ്ടു കൊടുക്കാറുണ്ടായിരുന്നു. അന്നുണ്ടായിരുന്ന മൂല്യം ഇന്ന് രൂപയ്ക്കില്ല. അതുകൊണ്ടു ഒരു രൂപയില്‍മാത്രം ഒതുക്കി നിറുത്താതെ കഴിവനുസരിച്ച് ഈദുഫണ്ട് നല്കുക. പെരുന്നാള്‍ദിവസം എത്ര ചെലവഴിക്കുന്നുവോ അതിന്റെ പകുതി ഇതിലേക്കു നല്കു ക എന്നതാണ് അഭിപ്രായം. ഈദുഫണ്ട് ഈദിനുമുമ്പേ എപ്പോള്‍ വേണമെങ്കിലും നല്കാവുന്നതാണ്. ഇത് കേന്ദ്ര ചന്ദയാണ്. മുഴുവന്‍ തുകയും സ്വദ്ര്‍ അഞ്ചുമന്‍ അഹ്മദിയ്യായുടെ അക്കൗണ്ടില്‍ അടയ്ക്കേണ്ടത് നിര്‍ബന്ധമാണ്. ഇതില്‍നിന്ന് ഒരു തുകയും തദ്ദേശപരമായ നിലയില്‍ ചെലവഴിക്കാന്‍ അനുവാദമില്ല.

**നാളിര്‍ ബയ്ത്തുല്‍മാല്‍ ആമദ് ഖാദിയാന്‍**

---

**- പേജ് 1ല്‍ നിന്ന്**

നബി(സ) തിരുമേനിയെ വിശ്വസിക്കുന്ന കാരണത്താല്‍ അല്ലാഹുതആല എത്ര മാത്രം സന്തോഷിക്കുന്നുവെന്ന് നോക്കുക. അവരുടെ പാപം പൊറുത്തുകൊടുക്കുന്നു. അവരുടെ ആത്മശുദ്ധീകരണത്തിന്റെ ഉത്തരവാദിത്വം അവന്‍തന്നെ ഏറ്റെടുക്കുന്നു. അപ്പോള്‍ തനിക്ക് നബി(സ) തിരുമേനിയില്‍ വിശ്വസിക്കേണ്ട ആവശ്യമില്ലെന്ന് പറയുകയും അഹങ്കാരവും പൊങ്ങച്ചവുംകൊണ്ട് താനെന്തൊക്കെയോ ആണെന്ന് സ്വയം കരുതുകയും ചെയ്യുന്നവന്‍ എത്ര വലിയ ദുഷ്ടനാണ്.

(ഹഖീഖത്തുല്‍ വഹ്‌യ്യ് റൂഹാനീ ഖസായിന്‍ വാള്യം 22 പേജ് 130-133)

(NB)1. ഒരു പ്രാവശ്യം ദീര്‍ഘകാലംവരെ നബി(സ)തങ്ങളുടെമേല്‍ ഏകാഗ്രതയോടുകൂടി സ്വലാത്തു ചൊല്ലുന്നതില്‍ ഞാന്‍ മുഴുകിക്കൊണ്ടിരുന്നു. കാരണം അല്ലാഹുവിന്റെ വഴികള്‍ അങ്ങേയറ്റം നേര്‍ത്തതാണെന്ന് എനിക്ക് ദൃഢവിശ്വാസമുണ്ടായിരുന്നു. വബ്ത്തഗൂ ഇലയിഹില്‍ വസീലത്ത എന്ന് അല്ലാഹു പറഞ്ഞതുപോലെ അത് നബി(സ)തങ്ങളുടെ മധ്യവര്‍ത്തിത്വം(വസീലത്ത്) കൂടാതെ ലഭിക്കുകയില്ല. അങ്ങനെ ഒരു കാലത്തിനുശേഷം ജാഗ്രദര്‍ശനാവസ്ഥയില്‍(കശ്ഫ്)വെള്ളംകോരിക്കൊണ്ടുവരുന്ന രണ്ടുവേലക്കാര്‍ വന്നു. ഒരാള്‍ ഉള്ളിലെ വഴിയിലൂടേയും ഒരാള്‍ പുറത്തെവഴിയിലൂടെയും എന്റെ വീട്ടില്‍ പ്രവേശിച്ചു. അവരുടെ ചുമലുകളില്‍ പ്രകാശത്തിന്റെ കുടങ്ങളാണുള്ളത്. അവര്‍ പറയുന്നു, ഹാദാ ബിമാ സ്വല്ലയ്ത്ത അലാ മുഹമ്മദിന്‍ (നബി(സ)തങ്ങളുടെമേല്‍ നീ ചൊല്ലിയ സ്വലാത്തിന്റെ പ്രതിഫലമാണിത്)

2. ഈ എല്ലാ ഖുര്‍ആനിക വചനങ്ങളും റസൂലിന്റെ സാന്നിധ്യത്തെ കുറിച്ചറിയുകയും റസൂലിന്റെ സന്ദേശമെത്തുകയും ചെയ്തവരെ സംബന്ധിച്ചാണ്. റസൂലിന്റെ സാന്നിധ്യത്തെ അശേഷം അറിയാതിരിക്കുകയും സന്ദേശമെത്താതിരിക്കുകയും ചെയ്യുന്നവരെക്കുറിച്ച് നമുക്കൊന്നും പറയാന്‍ സാധ്യമല്ല. അവരുടെ സ്ഥിതി അറിയുന്നവന്‍ അല്ലാഹു ആകുന്നു. അവന്റെ കരുണയും നീതിയും ആഗ്രഹിക്കുന്നതനുസരിച്ച് അവന്‍ അവരോടു പെരുമാറുന്നതാണ്.

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badr, at Fazle-Umar Printing Press Qadian, Harchowal Road Po. Qadian,
Distt. Gurdaspur-143516, Punjab, India. And published at office of the Weekly Badr Moh- Ahmadiyya, Harchowal Road P.o Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin